കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പററ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/എഫ്.1/1908/2025

കേരള സംസ്ഥാന ഓഡിററ് വകുപ്പ്
ജില്ലാ ഓഡിററ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 05/11/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടര്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിററ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിററ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പററിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പററി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിററ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിററ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിററ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പററി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിററ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിററ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിററ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടര്

പകർപ്പ്:
1) ഡയറക്ടര്, കേരള സംസ്ഥാന ഓഡിററ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടര്, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകര്പ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/എഫ്.1/1908/2025 തീയ്യതി: 05/11/2025

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിററ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിററ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിററിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-11-2024 മുതൽ 16-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിന്വലിക്കലുകള് എന്നിവയും പരിശോധിച്ചു.

ഓഡിററിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിററ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിററ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെററായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിററിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മററൊരു ഓഡിററ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിററ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിററ് നടത്തിയതിന്റെ വിവരം

ഓഡിററിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എ.എസ്.ബിജേഷ്.കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടര്	17-09-2025	24-09-2025

ഓഡിററിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-09-2025	24-09-2025

ഓഡിററ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. രബിത.ടി.പി, ഓഡിററ് ഓഫീസര്

ശ്രീമതി.ദിശ.ആര്.കെ, അസിസ്ററന്റ് ഓഡിററ് ഓഫീസര് (19.09.2025 & 20.09.2025 ഒഴികെ)

ശ്രീമതി.ജിഷ.പി,സീനിയര് ഗ്രേഡ് ഓഡിററര്

ശ്രീമതി.രജനി.കെ.ഗംഗാധരന്, ഓഡിററര്

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബിന്ദു ജോണ്സണ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ബിബിന് ജോസഫ്	സെക്രട്ടറി	01-04-2024	13-09-2024
ശ്രീ.ബൈജു തോമസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-09-2024	08-10-2024
ശ്രീ.ഷാജു.കെ.എസ്	സെക്രട്ടറി	09-10-2024	17-01-2025
ശ്രീ.ബൈജു തോമസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	18-01-2025	06-02-2025
ശ്രീ.ഷാജു.കെ.എസ്	സെക്രട്ടറി	07-02-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബൈജു തോമസ്	അസി. സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി.ഹൃദ്യ പി	അസി.എഞ്ചിനീയര്	01-04-2024	31-03-2025
ശ്രീ.മുഹമ്മദ് ഫാസില്	കൃഷി ഓഫീസര്	01-04-2024	31-03-2025
ശ്രീമതി. സുമില കെ.പി.	ഡയറി ഫാം ഇന്സ്ട്രക്ടര്	01-04-2024	31-03-2025
ഡോ.ലിറ്റി മാത്യു	വെറ്ററിനറി സര്ജന്	01-04-2024	31-03-2025
ശ്രീമതി.ചഷ്മ ചന്ദ്രന്	ഐ.സി.ഡി.എസ്.സൂപ്പര്വൈസര്	01-04-2024	31-03-2025
ശ്രീമതി.റഫ്ന.ഇ.കെ	വി.ഇ.ഒ	01-04-2024	31-03-2025
ശ്രീ.മുഹമ്മദ് സാഹിര്	വി.ഇ.ഒ	01-04-2024	03-01-2025
ശ്രീമതി.ഗ്രീഷ്മ.കെ	വി.ഇ.ഒ	04-01-2025	31-03-2025
ഡോ. പ്രിയ കെ.വി	മെഡിക്കല് ഓഫീസര്(എഫ്.എച്ച്.സി)	01-04-2024	31-03-2025
ഡോ.സാജിത പാലയാട്ടുംപൊയില്	മെഡിക്കല് ഓഫീസര്(ആയുര്വ്വേദം)	01-04-2024	31-03-2025
ഡോ. സീമ	മെഡിക്കല് ഓഫീസര്(ഹോമിയോ)	01-04-2024	31-03-2025
ശ്രീമതി.രഹ്നമോൾ കെ.എസ്	ഹെഡ് മിസ്ട്രസ്സ്	01-04-2024	31-03-2025
ശ്രീമതി.മെര്ളിന് അലക്സ്	ഫിഷറീസ് എക്സ്റ്റെന്ഷന് ഓഫീസര്	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിററ് സര്ട്ടിഫിക്കററ്	1-1
2	അക്കൌണ്ടിംഗ് ചട്ടങ്ങള് പ്രകാരമുള്ള എല്ലാ പത്രികകളും ഉള്പ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല	1-1-2
4	Directly Debited By Bank ആയി ചേര്ത്ത തുകകള് മാസങ്ങള് കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല.	1-1-3
5	പ്രതിമാസ റീക്കണ്സിലീയേഷന് പത്രിക തയ്യാറാക്കിയിട്ടില്ല.	1-1-4
6	സി.എഫ്.സി ചെലവ് തുക വാര്ഷിക കണക്കിലും ഐ.കെ.എം ചെലവ് സ്ററേററ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-5
7	വികസന ഫണ്ട്(ജനറല്) ചെലവ് എ.സി.ആര് ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.	1-1-6
8	സമയബന്ധിതമായി ഡിമാന്റ് എന്ട്രികള് രേഖപ്പെടുത്തുന്നില്ല	1-1-7
9	വാര്ഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് തുകയും പെര്മിററ് രജിസ്ററര് പ്രകാരമുള്ള ഡിമാന്റ് തുകയും പൊരുത്തപ്പെടുന്നില്ല.	1-1-8
10	ഇ-ടെണ്ടര് ഫീ വരവ് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല.	1-1-9
11	മെയിന്റനന്സ് പ്രവൃത്തികള് I-14(E) ഷെഡ്യൂളില് അക്കൗണ്ട് ചെയ്തില്ല	1-1-10
12	ബജററ്	1-2
13	സാമ്പത്തിക വിശകലനം (റസീപ്ററ് & പേയ്മെന്റ് പ്രകാരം)	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	ക്യാഷ് ബാലൻസ് പരേിശാധന	1-6
17	വസ്തുനികുതി പരിഷ്ക്കരണം - നടപടികള് പൂര്ത്തീകരിച്ചിട്ടില്ല	1-7
18	വിസ്തീര്ണത്തിനു ബാധകമായ നിരക്കില് വസ്തുനികുതി ഈടാക്കിയില്ല.	1-8
19	ഭരണസമിതി തീരുമാനത്തിന്മേല് തുടര്നടപടിയുണ്ടായില്ല.	1-9
20	VFPCK – കെട്ടിട വാടക – സര്ക്കാര് അനുമതി ഇല്ലാത്തത് സംബന്ധിച്ച്	1-10
21	അംബേദ്കര് കുടിവെള്ള പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.	1-11
22	വീട് വാസയോഗ്യമാക്കല് പദ്ധതി പൂര്ത്തിയാക്കിയില്ല	1-12
23	മെഡിക്കല് ഓഫീസര് (സി.എച്ച്.സി) നിര്വ്വഹണം ചെയ്ത വിവിധ പദ്ധതികളില് മരുന്ന് ലഭിക്കാന് കാലതാമസം	1-13
24	യഥാര്ത്ഥ ചെലവ് സുലേഖ ചെലവ് പത്രികയില് ഉള്പ്പെട്ടിട്ടില്ല	1-14
25	ടേക്ക് എ ബ്രേക്ക് - കംഫര്ട്ട് സ്റ്റേഷന്- ഫീസ് പിരിവ് അനുമതി ലഭ്യമാക്കേണ്ടതാണ്.	1-15
26	പ്രത്യേകോദ്ദേശ ഗ്രാന്റ് തുകകള് ചെലവഴിക്കാതെ അവശേഷിക്കുന്നു.	1-16
27	കമ്പ്യൂട്ടറുകള്ക്ക് എ.എം.സി - കൃത്യത ഉറപ്പുവരുത്താതെ തുക അടവാക്കുന്നു	1-17
28	ടെണ്ടര് ഫീ ഇനത്തിലെ വരവ് പഞ്ചായത്തിലേയ്ക്ക് വരവ് വയ്ക്കുന്നില്ല	1-18
29	ആരോഗ്യമേഖല ഗ്രാന്റ് ഉപയോഗിച്ച് കെട്ടിടനിര്മ്മാണം ത്വരിതപ്പെടുത്തേണ്ടതാണ്	1-19
30	കുടിവെള്ള വിതരണം - സര്ക്കാര് നിര്ദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കി	1-20
31	ലാന്റ് അസററ് - കൃത്യത ഉറപ്പു വരുത്തുന്നില്ല.	1-21
32	സംരക്ഷണ ഭിത്തി പുനസ്ഥാപിച്ചതിന്റെ വിശദാംശങ്ങള് ലഭ്യമല്ല.	1-22
33	ജലജീവന് മിഷന്	1-23
34	ആരോഗ്യമേഖല ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-24
35	പദ്ധതി രൂപീകരണ മോണിററിങ്ങ് ചെലവുകള് - രേഖകള് ഹാജരാക്കിയില്ല	1-25
	ഭാഗം **2**	

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	മെഡിസെപ് ഒടുക്ക് സംബന്ധിച്ച വിവരങ്ങള്	4-1
2	വാര്ഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്റ്റുകള്ക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വര്ക്കുകള്ക്ക് നല്കിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷന് അഡ്വാന്സ്	4-5
6	വായ്പ / വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോര്ട്ട്	4-9
10	ചാര്ജ്/സര്ചാര്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീര്പ്പാക്കാന് അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോര്ട്ടുകള്	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇന്കം & എക്സ്പെന്ഡിച്ചര് അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉള്പ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകള്ക്ക് അനുബന്ധമായി ഉള്പ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.06.2025 തീയതിയിലെ 1/1 നമ്പര് തീരുമാന പ്രകാരം തയ്യാറാക്കി 16.06.2025 തീയതിയില് എയിംസിലൂടെ സമര്പ്പിച്ചിട്ടുണ്ട്. പ്രസ്തുത വാര്ഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങള്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വല് അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകള് പ്രകാരവും കേന്ദ്ര/സംസ്ഥാന സര്ക്കാര് മാര്ഗ്ഗ നിര്ദ്ദേശങ്ങള്, ധനകാര്യ കമ്മീഷന്, മറ്റ് ഫണ്ടിങ്ങ് ഏജന്സികള് എന്നിവ കാലാകാലങ്ങളില് പുറപ്പെടുവിക്കുന്ന മാര്ഗ്ഗനിര്ദ്ദേശങ്ങള് എന്നിവ പാലിച്ചും ഞാന് ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാര്ഷിക ധനകാര്യപത്രികകളിന്മേല് ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാര്ഷിക ധനകാര്യപത്രികകള് വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാന് ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാര്ഷിക ധനകാര്യ പത്രികകള് വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉള്പ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാന് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തില് അതില് വിവരിച്ചിരിക്കുന്ന കാര്യങ്ങള് ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വര്ഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകള് 31.03.2025 ല് അവസാനിച്ച സാമ്പത്തിക വര്ഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടര്

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങള് പ്രകാരമുള്ള എല്ലാ പത്രികകളും ഉള്പ്പെട്ടിട്ടില്ല.

വാര്ഷിക കണക്കില് ഉള്പ്പെടുത്തിയിട്ടുള്ളതും എന്നാല് സ്ഥിരീകരിക്കാത്തതുമായ

തുകകള് സംബന്ധിച്ചുള്ള അക്കൗണ്ട് കുറിപ്പുകള്, അനുപാതങ്ങള് എന്നിവ വാര്ഷിക കണക്കില് ഉള്പ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തന്വര്ഷത്തെ ആകെ ക്യാഷ് ഫ്ലോയും (54956431) പത്രികയില് മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേര്ത്തിരിക്കുന്ന തുകയും (9726303) തമ്മില് പൊരുത്തപ്പെടുന്നില്ല. AIMS സോഫ്റ്റ്വെയറില് ലഭ്യമാക്കിയ ക്യാഷ് ഫ്ലോ പത്രിക യഥാര്ത്ഥ ക്യാഷ് ഫ്ലോ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-1-3 Directly Debited By Bank ആയി ചേര്ത്ത തുകകള് മാസങ്ങള് കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല.

എസ്.ബി.എ ഇ-പേയ്മെന്റ് അക്കൌണ്ടിന്റെ മാര്ച്ച് 2025 -ലെ ബാങ്ക് റീക്കണ്സീലിയേഷന് പത്രിക പ്രകാരം Directly Debited By Bank ആയി കാണിച്ച തുകകള് മാസങ്ങള് പിന്നിട്ടിട്ടും ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

തീയതി	തുക
31.10.22	368
3.12.22	668
5.12.22	454

1-1-4 പ്രതിമാസ റീക്കണ്സിലീയേഷന് പത്രിക തയ്യാറാക്കിയിട്ടില്ല.

വാര്ഷിക കണക്കിലെ ബി-17 Nationalised Bank Account Of Own Revenue Fund ല് 4,07,632/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാല് പ്രസ്തുത അക്കൗണ്ടിന്റെ റീകണ്സിലിയേഷന് പത്രിക ഹാജരാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് ഏതാണെന്ന് വ്യക്തമല്ലെന്നും സോഫ്റ്റ്വെയര് അപാകത മൂലമാണ് ഈ അക്കൗണ്ട് തെറ്റായി ഉള്പ്പെട്ടതെന്നുമാണ് അറിയിച്ചിട്ടുള്ളത്. അപാകത പരിഹരിച്ച് തുടര് നടപടികള് അറിയിക്കേണ്ടതാണെന്ന് മുന് ഓഡിറ്റ് റിപ്പോര്ട്ടില് പരാമര്ശിച്ചിരുന്നെങ്കിലും അപാകത നിലനില്ക്കുന്നു.

1-1-5 സി.എഫ്.സി ചെലവ് തുക വാര്ഷിക കണക്കിലും ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു

വാര്ഷിക കണക്ക് പ്രകാരം ധനകാര്യകമ്മീഷന് ഗ്രാന്റ് ഇനത്തിലെ ചെലവ് തുക (93,79,628/- രൂപ) സുലേഖ ചെലവ് പത്രികയിലെ ചെലവുമായി (92,11,711/- രൂപ) പൊരുത്തപ്പെടുന്നില്ല.

1-1-6 വികസന ഫണ്ട്(ജനറല്) ചെലവ് എ.സി.ആര് ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

വാര്ഷിക കണക്ക് I-6 പ്രകാരമുള്ള വികസന ഫണ്ട് (ജനറല്) ഇനത്തിലെ ആകെ ചെലവ് (ജി.ഒ പ്രോജക്റ്റ് ഒഴികെ) (2,35,28,292/- രൂപ) എ.സി.ആര് – ലെ ചെലവുമായി (2,36,28,292/-രൂപ) പൊരുത്തപ്പെടുന്നില്ല.

1-1-7 സമയബന്ധിതമായി ഡിമാന്റ് എന്ട്രികള് രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴില് നികുതി എന്നിവയുടെ ലെഡ്ജറുകളില് സമയബന്ധിതമായി ഡിമാന്റ് എന്ട്രികള് രേഖപ്പെടുത്തുന്നില്ല. 11.12.2024, 31.03.2025 എന്നീ തീയതികളില് മാത്രമാണ് ഡിമാന്റ് എന്ട്രി രേഖപ്പെടുത്തിയത്.

1-1-8 വാര്ഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് തുകയും പെര്മിറ്റ് രജിസ്റ്റര് പ്രകാരമുള്ള ഡിമാന്റ് തുകയും പൊരുത്തപ്പെടുന്നില്ല.

പെര്മിറ്റ് രജിസ്റ്റര് പ്രകാരം പെര്മിറ്റ് ഫീ, റഗുലറൈസേഷന് ഫീ എന്നീ ഇനങ്ങളിലെ ഡിമാന്റ് തുകകള് യഥാക്രമം 33,51,135/-, 15,90,347/- രൂപയും വാര്ഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് തുകകള് 27,86,282/-, 14,45,961/- രൂപയും ആണ്. ഇവ തമ്മില് പൊരുത്തപ്പെടുന്നില്ല.

1-1-9 ഇ-ടെണ്ടര് ഫീ വരവ് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല.

ഇ ടെണ്ടര് ഫീ ഇനത്തിലെ തുക വാര്ഷിക കണക്കില് ഉള്പ്പെടുത്തുകയോ പഞ്ചായത്ത്

ഫണ്ടിലേക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

1-1-10 മെയിന്റനന്സ് പ്രവൃത്തികള് I-14(E) ഷെഡ്യൂളില് അക്കൗണ്ട് ചെയ്തില്ല

ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വര്ഷം നടപ്പാക്കിയ മെയിന്റനന്സ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വാര്ഷിക ധനകാര്യപത്രികയുടെ I-14(E) ഷെഡ്യൂളില് അക്കൗണ്ട് ചെയ്തിട്ടില്ല. അപാകതകള് പരിഹരിച്ച് രേഖകള് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-2 ബജറ്റ്

2024-25 വര്ഷത്തെ ബജറ്റ് 12.02.2024 തീയതിയിലെ 1/1 നമ്പര് തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 26.03.2025 തീയതിയിലെ 2/1 നമ്പര് തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു-ചെലവു കണക്കുകള് താഴെ ചേര്ക്കുന്നു.

മുന്നിരിപ്പ്	71,49,014
വരവ്	33,73,49,450
ആകെ	34,44,98,464
ചെലവ്	33,02,82,580
നീക്കിയിരിപ്പ്	1,42,15,884

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	4,65,56,143
വരവ്	7,81,61,778
ആകെ	12,47,17,921
ചെലവ്	6,84,35,475
നീക്കിയിരിപ്പ്	5,62,82,446

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറല്	0	2,57,22,000	2,57,22,000	2,57,21,512	488
വികസന ഫണ്ട്-എസ്.സി.പി	0	41,40,000	41,40,000	31,74,942	9,65,058
വികസന ഫണ്ട്-ടി.എസ്.പി	0	6,96,000	6,96,000	6,96,000	0
മെയിന്റനന്സ്, റോഡ്	0	7,07,04,000	7,07,04,000	4,75,98,909	2,31,05,091
മെയിന്റനന്സ്, നോണ്-റോഡ്	0	57,83,000	57,83,000	46,71,851	11,11,149
സെന്ട്രല് ഫിനാന്സ് കമ്മീഷന് ഗ്രാന്റ് -അണ്-ടൈഡ് (ട്രഷറി മുഖേന)	0	17,520	17,520	17,520	0
സെന്ട്രല് ഫിനാന്സ് കമ്മീഷന് ഗ്രാന്റ് – അണ്-ടൈഡ്	4,80,267	46,24,678	51,04,945	27,31,292	23,73,653

(പി.എഫ്.എം.എസ് മുഖേന)					
സെന്ട്രല് ഫിനാന്സ് കമ്മീഷന് ഗ്രാന്റ്- ടൈഡ് (ട്രഷറി മുഖേന)	0	16,17,304	16,17,304	9,81,557	6,35,747
സെന്ട്രല് ഫിനാന്സ് കമ്മീഷന് ഗ്രാന്റ്- ടൈഡ് (പി.എഫ്.എം.എസ് മുഖേന)	46,71,708	1,01,21,500	1,47,93,208	56,49,259	91,43,949

(കുറിപ്പ്- വാര്ഷിക കണക്ക് പ്രകാരം ധനകാര്യകമ്മീഷന് ഗ്രാന്റ് ഇനത്തിലെ ചെലവ് തുക (93,79,628/- രൂപ) സുലേഖ ചെലവ് പത്രികയിലെ ചെലവുമായി (92,11,711/- രൂപ) പൊരുത്തപ്പെടുന്നില്ല.) വികസന ഫണ്ട് (ജനറല്) ഇനത്തില് ചെലവ് പത്രിക പ്രകാരം 2,46,84,370/- രൂപയാണ്. ആയത് യഥാര്ത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വര്ഷം അംഗീകാരം ലഭിച്ച പ്രോജക്ടുകള് നടപ്പാക്കിയതിന്റെ വിവരം താഴെ ചേര്ക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കല്	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂര്ത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
356	22,49,07,619	243	12,01,60,301	113	68%

1-6 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കല് ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലന്സ് പരിശോധന 18.09.2025 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തില് നടത്തുകയുണ്ടായി. ക്യാഷ് ബാലന്സ് പരിശോധനയില് ബോധ്യപ്പെട്ട തുക (13,714/-രൂപ), ഡേ ബുക്ക് പ്രകാരമുള്ള തുകയില് (13,264/-രൂപ) നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/25.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്യാഷ് ബാലന്സില് വ്യത്യാസം ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കേണ്ടതാണ്.

1-7 വസ്തുനികുതി പരിഷ്ക്കരണം - നടപടികള് പൂര്ത്തീകരിച്ചിട്ടില്ല

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട 22/3/2023-ലെ സ.ഉ.(കൈ)നം.77/2023/Lsgd നമ്പര് ഉത്തരവ് പ്രകാരം കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകള്, അനധികൃത നിർമ്മാണങ്ങള് എന്നിവ കണ്ടെത്തുന്നതിനായി സിവില് ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മാൻ സിവിൽ, ITI സർവ്വേയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിച്ച് കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഫീല്ഡ് തല പരിശോധന 30/06/2023-ന് പൂര്ത്തീകരിക്കേണ്ടതുണ്ട്. വിവരശേഖരണത്തിന്റെ വിശദാംശങ്ങള് ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.01/17-09-2025) നല്കിയ മറുപടിയില്, പ്രസ്തുത പ്രവൃത്തി നിര്വഹിക്കുന്നതിന് പദ്ധതി വെക്കുകയും ഏതാനും കെട്ടിടങ്ങളെ സാമ്പിള് സര്വ്വെ നടത്തുകയും ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമായത്. ഇതിനായി ഊരാളുങ്കല് ലേബര് സൊസൈറ്റിയുമായി കരാറിലേര്പ്പെട്ടിട്ടുണ്ട് എന്നും മറുപടി നല്കിയിട്ടുണ്ട്. എന്നാല് മേല് പദ്ധതിക്കായി നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. ആകെ 17 വാര്ഡുകളുള്ള പഞ്ചായത്തില് ഒന്നില് പോലും വിവരശേഖരണം പൂര്ത്തിയാക്കുകയോ ഡാറ്റ എന്ട്രി നടത്തുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി പരിഷ്കരണ നടപടികള് പൂര്ത്തീകരിക്കാത്തതിനാല്

നികുതിയിനത്തില് വരുമാന നഷ്ടം സംഭവിക്കുന്നു. ഡാററാ കളക്ഷൻ പൂര്ത്തീകരിച്ച് വസ്തുനികുതി പരിഷ്കരണം ആവശ്യമായ നടപടികള് സ്വീകരിച്ച് വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

1-8 വിസ്തീര്ണത്തിനു ബാധകമായ നിരക്കില് വസ്തുനികുതി ഈടാക്കിയില്ല.

സ.ഉ(കൈ)നം.77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളില് 01.04.2023 പ്രാബല്യത്തില് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാര്ഗ്ഗനിര്ദ്ദേശങ്ങള് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും 05.04.2023 ലെ സ.ഉ.(അച്ചടി)നം.25/2023/ത.സ്വഭ.വ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലും വസ്തുനികുതി നിരക്കുകള് 01.04.2023 പ്രാബല്യത്തില് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ പുതുതായി വസ്തുനികുതി നിര്ണ്ണയിച്ച കെട്ടിടങ്ങള് സഞ്ചയയില് പരിശോധിച്ചതിൽ വിസ്തീര്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കാത്തതായി ശ്രദ്ധയില്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	ഉടമയുടെ പേര്	തറ വിസ്തീര്ണം	ഉള്പ്പെടുത്തിയ ഉപയോഗക്രമം/ നികുതി നിരക്ക്	ഉള്പ്പെടുത്തേണ്ട ഉപയോഗക്രമം/നികുതി നിരക്ക്
1/557 A	സജി ജോസഫ്	386.64 M^2	പാര്പ്പിടാവശ്യം 300ച.മീ - വരെയുള്ളവ/7	പാര്പ്പിടാവശ്യം 300ച.മീ മുകളിലുള്ളവ /9
12/118 B	സിദ്ധിഖ്	342.79 M^2		
17/137 E	ഫിലിപ്പ്കുട്ടി	393.76 M^2		
17/ 817 A, B	അനു പി ബെന്നി	117.52 M^2	വാണിജ്യാവശ്യം 100ച.മീ - വരെയുള്ളവ/65	വാണിജ്യാവശ്യം 100 ച.മീ മുകളിലുള്ളവ/75

അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിററ് അന്വേഷണക്കുറിപ്പിന് (നം.07/25.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ കെട്ടിടങ്ങളുടെയും സമാനമായി വസ്തുനികുതി വിസ്തീര്ണ്ണത്തിനനുസൃതമായി നികുതി നിര്ണയിച്ച് ഈടാക്കാത്ത മററു കെട്ടിടങ്ങളുണ്ടെങ്കില് അവയുടെയും നികുതി പുനര്നിര്ണ്ണയിച്ച്, നികുതിയിനത്തില് സംഭവിച്ച കുറവ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-9 ഭരണസമിതി തീരുമാനത്തിന്മേല് തുടര്നടപടിയുണ്ടായില്ല.

ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സില് രണ്ട് മുറികള് ഉപയോഗിക്കാതെ ഒഴിഞ്ഞു കിടക്കുന്നതായി ഭരണസമിതി യോഗ മിനിട്സുകള് പരിശോധിച്ചതില് ബോധ്യപ്പെട്ടു. മുറികളുടെ റൂം നമ്പര് അടങ്ങുന്ന വിശദവിവരങ്ങളും അവ ഒഴിഞ്ഞുകിടക്കാനുണ്ടായ സാഹചര്യവും വിശദമാക്കുവാന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിററ് അന്വേഷണക്കുറിപ്പിന് (നം.15/25.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. 29/11/2024 -ന് നടന്ന സാധാരണയോഗത്തിലെ തീരുമാനം നമ്പര് 17 പ്രകാരം നിലവില് ഒഴിഞ്ഞുകിടക്കുന്ന രണ്ട് മുറികള് ഉപയോഗസജ്ജമാക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോര്ട്ട് സമര്പ്പിക്കുന്നതിന് അജണ്ട-8 പ്രകാരം രൂപീകരിച്ച ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതി തീരുമാനത്തിന്മേല് തുടര്നടപടികള് ഉണ്ടായിട്ടില്ല. ഒഴിഞ്ഞുകിടക്കുന്ന മുറികള് വാടകയ്ക്കു നല്കി, പഞ്ചായത്തിന്റെ വരുമാനം വര്ദ്ധിപ്പിക്കാന് വേണ്ട നടപടികള് സ്വീകരിച്ച് ഓഡിററിനെ അറിയിക്കേണ്ടതാണ്.

1-10 VFPCK – കെട്ടിട വാടക – സര്ക്കാര് അനുമതി ഇല്ലാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കാര്ഷിക വിപണനകേന്ദ്രത്തിന്റെ മുകളിലെ നില, വി.എഫ്.പി.സി.കെ യുടെ കീഴില് പ്രവര്ത്തിയ്ക്കുന്ന തിരുവമ്പാടി കര്ഷക സമിതിയ്ക്ക് പച്ചത്തേങ്ങ സംഭരണത്തിന് സൗജന്യമായി അനുവദിക്കുന്നതിന് 07.06.2022 ലെ 13(1) നമ്പര് ഭരണസമിതി തീരുമാന പ്രകാരം അനുമതി നല്കുകയും 08.08.2022 ലെ 11 നമ്പര് തീരുമാനത്തിന്റെ അടിസ്ഥാനത്തില് പ്രസ്തുത അനുമതി 16.08.2022 വരെ ദീര്ഘിപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനത്തിന് തുടര്ന്നും കെട്ടിടം മററ് പ്രവര്ത്തനങ്ങള്ക്ക് ആവശ്യമുള്ളതായി അറിയിച്ചതിനാല് ഗ്രാമ പഞ്ചായത്ത് അസിസ്ററന്റ് എഞ്ചിനീയര് പ്രസ്തുത കെട്ടിടത്തിന്റെ

മൂല്യനിര്ണ്ണയം നടത്തുകയും 30,436/- രൂപ വാടക മൂല്യമുള്ള പ്രസ്തുത കെട്ടിടത്തിന് പ്രതിമാസം 3,000/- രൂപ വാടക നിശ്ചയിക്കുകയും (തീരുമാനം നമ്പര് 07/19.09.2022) ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 21.10.2022 ലെ പി/5974/2022 കത്ത് പ്രകാരം 30,436/- രൂപ വാടക മൂല്യമുള്ള മുകളിലത്തെ നില VFPCK എന്ന സ്ഥാപനത്തിന് 3,000/- രൂപയ്ക്ക് വാടകയ്ക്ക് നല്കുന്നതിന് അനുമതിയ്ക്കായി സര്ക്കാരിലേയ്ക്ക് അപേക്ഷ സമര്പ്പിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.03.2024 ലെ സ.ഉ.(സാ.ധാ)നം.541/2024/LSGD ഉത്തരവ് പ്രകാരം പ്രതിമാസം 3,000/- രൂപ നിരക്കില് 18 മാസത്തേയ്ക്ക് നല്കുന്നതിന് സര്ക്കാര് അനുമതി ലഭ്യമാകുകയും ചെയ്തു. സര്ക്കാര് നിര്ദ്ദേശപ്രകാരവും പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരവും ഗ്രാമപഞ്ചായത്ത് കെട്ടിടം ഉപയോഗിക്കുന്നതിന് സ്ഥാപനം 3,000/- രൂപ നിരക്കില് ഓരോ മാസത്തേക്കും ലൈസന്സ് ഫീസ് അടവാക്കേണ്ടതാണ്. എന്നാല് 30.03.2025 വരെ സ്ഥാപനം യാതൊരു തുകയും ഈയിനത്തില് പഞ്ചായത്തില് അടവാക്കിയില്ല. ഗ്രാമപഞ്ചായത്ത് നിരന്തരം ആവശ്യപ്പെട്ടതിനെ തുടര്ന്ന് 16.08.2022 മുതല് 24.07.2024 വരെയുള്ള (ഗ്രാമപഞ്ചായത്ത് 24.07.2024 ന് VF[CK ജില്ലാ മാനേജര്ക്ക് അയച്ച കത്തില് 16.08.2022 മുതല് നാളിതു വരെയുള്ള വാടക എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്) 23 മാസം 15 ദിവസത്തിന് പ്രതിമാസം 3,000/- രൂപ നിരക്കില് ആകെ 70,500/- രൂപ 30.03.2025 ലെ 1240901062 നമ്പര് രശീത് പ്രകാരം ഗ്രാമപഞ്ചായത്തില് അടവാക്കിയിട്ടുണ്ട്. തുടര്ന്ന് നിലവിലും പ്രസ്തുത സ്ഥാപനം കെട്ടിടം കൈവശം വെച്ച് ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും 25.07.2024 മുതലുള്ള വാടക ഗ്രാമപഞ്ചായത്തില് അടവാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയല് പരിശോധിച്ചതില് സ്ഥാപനത്തിന് കെട്ടിടം അനുവദിച്ചതിലും സ്വീകരിച്ച നടപടിക്രമങ്ങളിലും ചുവടെ ചേര്ക്കുന്ന അപാകതകള് കാണുന്നു.

1) മേല് സൂചിത സര്ക്കാര് ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥാപനത്തിന് 3,000/- രൂപ നിരക്കില് കെട്ടിടം വാടകയ്ക്ക് നല്കാവുന്നത് 18 മാസത്തേയ്ക്കാണ്. അങ്ങനെയെങ്കില് 16.08.2022 മുതല് 15.02.2024 വരെയാണ് കെട്ടിടം പരമാവധി അനുവദിക്കാവുന്നത്. എന്നാല് ടി സ്ഥാപനം നിലവിലും കെട്ടിടം കൈവശം വെച്ച് ഉപയോഗിച്ച് പോരുകയാണ്. മേല് സൂചിത സര്ക്കാര് ഉത്തരവില് 18 മാസത്തേയ്ക്ക് മാത്രമാണ് അനുമതി നല്കിയിട്ടുള്ളത് എന്നിരിക്കേ ഈ കാലാവധി കഴിഞ്ഞും കെട്ടിടം അനുവദിക്കുന്നത് സര്ക്കാര് നിര്ദ്ദേശങ്ങള്ക്ക് എതിരാണ്. പിന്നീട് ഗ്രാമപഞ്ചായത്ത് അനുമതിയ്ക്കായി സര്ക്കാരിലേക്ക് അപേക്ഷിച്ചതിന്റെ രേഖകള് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സ്ഥാപനവുമായി നിയമാനുസൃതം കരാര് വെയ്ക്കാതെയാണ് വാടകയ്ക്ക് കെട്ടിടം അനുവദിച്ചിട്ടുള്ളത്.

2) 30.03.2025 ന് 25.07.2024 വരെയുള്ള 23 മാസത്തെ വാടക മാത്രമാണ് സ്ഥാപനം അടവാക്കിയത്. യഥാസമയം ലൈസന്സ് ഫീസ് അടവാക്കാത്തതിന് നിയമാനുസൃതം പിഴപ്പലിശ ഈടാക്കിയിട്ടില്ല. 26.07.2024 മുതല് നാളിതുവരെയുള്ള വാടക സ്ഥാപനം അടവാക്കാന് അവശേഷിക്കുന്നു. ആയത് ഈടാക്കുന്നതിനുള്ള നടപടികള് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

3) VFPCK യുടെ 11.12.2024 ലെ കത്തിന്റെയും 18.12.2024 ലെ ഓഫീസ് കുറിപ്പിന്റെയും അടിസ്ഥാനത്തില് ഗ്രാമപഞ്ചായത്തിന്റെ അറിവോടെയല്ലാതെ സ്ഥാപനം ഉയര്ന്ന വൈദ്യുതിയില് പ്രവര്ത്തിപ്പിക്കേണ്ട പല മെഷിനറികളും കെട്ടിടത്തില് സ്ഥാപിച്ചതായും ട്രയല് ആയവ ട്രയല് റണ് നടത്തുന്നതിന് വൈദ്യുതി കണക്ഷന് ലഭിക്കുന്നതിനായി നടപടികള് സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിനോട് നിരന്തരം ആവശ്യപ്പെടുന്നതായും കാണുന്നു. നിയമാനുസൃതം എഗ്രിമെന്റ് വെച്ച് കൈമാറാത്ത കെട്ടിടത്തില് ഇത്തരത്തില് പഞ്ചായത്തിന്റെ അനുവാദം ഇല്ലാതെ മെഷിനറികള് സ്ഥാപിച്ചത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണ്. മേല് അപാകതകള് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/24-25 തിയതി 25.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം വാടകയ്ക്ക് നല്കിയതുമായി ബന്ധപ്പെട്ട നിര്ദ്ദേശങ്ങള് ചുവടെ ചേര്ക്കുന്നു.

1. കെട്ടിടം വാടകയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ സര്ക്കാര് അനുമതി പ്രകാരമുള്ള കാലാവധി അവസാനിച്ചതിനാല് പ്രസ്തുത കാലാവധിക്ക് ശേഷം കെട്ടിടത്തിന് ലഭിക്കേണ്ട വാടക സംബന്ധിച്ചും വാടകയ്ക്ക് നല്കേണ്ട കാലയളവ് സംബന്ധിച്ചും വ്യക്തമായ സര്ക്കാര് നിര്ദ്ദേശം ലഭ്യമാക്കാനുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപനം നിലവിലും കെട്ടിടം കൈവശം വെച്ച് ഉപയോഗിക്കുന്നതിനാല്, കെട്ടിട വാടക സംബന്ധിച്ച് തുടര്ന്ന് സര്ക്കാര് നിര്ദ്ദേശം ലഭിക്കുന്നത് വരെ 05.03.2024 ലെ ഉത്തരവില്

വ്യവസ്ഥ ചെയ്തത് പ്രകാരം 3,000/- രൂപയും, യഥാസമയം തുക അടവാക്കാത്ത പക്ഷം പിഴപ്പലിശയും 25.07.2024 മുതല് തുക ഈടാക്കുന്ന തിയതി വരെ ഈടാക്കേണ്ടതാണ്. തുടര്ന്ന് കെട്ടിടം അനുവദിക്കുന്നതും വാടക ചുമത്തുന്നതും സര്ക്കാര് നിര്ദ്ദേശങ്ങള്ക്ക് വിധേയമായിട്ടായിരിക്കും എന്ന വ്യവസ്ഥ ഉള്പ്പെടെ എല്ലാ വ്യവസ്ഥകളും ഉള്പ്പെടുത്തി സ്ഥാപനവുമായി കൃത്യമായി എഗ്രിമെന്റ് വെച്ചതിന് ശേഷം മാത്രം സ്ഥാപനത്തിന് കെട്ടിടം തുടര്ന്ന് അനുവദിക്കേണ്ടതാണ്.

3. രണ്ടു നിലകളുള്ള (താഴത്തെ നിലയില് കൃഷി ഭവന് കെട്ടിടം പ്രവര്ത്തിക്കുന്നു.) പ്രസ്തുത കെട്ടിടത്തിന് നിലവില് ഒരു നമ്പറാണ് അനുവദിച്ചിരിക്കുന്നത് (7/91). ആയത് രണ്ട് നിലകള്ക്കും പ്രത്യേക നമ്പറുകള് അനുവദിക്കുന്നതിനും പ്രത്യേക വൈദ്യുതി കണക്ഷനുകള് സ്ഥാപിക്കുന്നതിനും VFPCK യ്ക്ക് അനുവദിച്ച കെട്ടിടത്തിന്റെ വൈദ്യുതി ചാര്ജ് സ്ഥപനം തന്നെ അടക്കുന്നതിനും എഗ്രിമെന്റില് വ്യവസ്ഥകള് ഉള്പ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടത്തില് മാറ്റങ്ങള് വരുത്തുന്നതിനോ കൂട്ടിച്ചേര്ക്കലുകള് വരുത്തുന്നതിനോ സ്ഥാപനത്തിന് അധികാരം ഇല്ലാത്തതാണ്. കെട്ടിടത്തിന് വരുത്തിയ മാറ്റങ്ങള് ക്രമവത്കരിക്കാനുള്ള നടപടികള് സ്വീകരിക്കേണ്ടതാണ്.

1-11 അംബേദ്കര് കുടിവെള്ള പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം. : 261/24-25(so)

അടങ്കല് തുക : 5,00,000/-

ചെലവ് തുക : 4,78,366/-

ബില് നം തുക: 530/08.01.2025
പ്രോജക്ട് നം. : 178/24-25
അടങ്കല് തുക : 10,00,000/-
നിര്വഹണം അസിസ്റ്റന്റ് എഞ്ചിനീയര്

തിരുവമ്പാടി ഗ്രാമപഞ്ചായത്തില് മേല് സൂചിപ്പിച്ച പ്രോജക്ടുകള് പ്രകാരം അംബേദ്കര് കോളനിയിലേയ്ക്ക് കുടിവെള്ള സൗകര്യത്തിനായി രണ്ട് പ്രോജക്ടുകള് ആവിഷ്കരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വര്ഷത്തിലെ പ്രോജക്ട് സ്പില്ഓവറായി 2024-25 സാമ്പത്തിക വര്ഷം നടപ്പിലാക്കിയിട്ടുണ്ട്. 2024-25 ല് രൂപീകരിച്ച പദ്ധതിയില് തന്വര്ഷം ചെലവില്ല

261/24-25 പ്രോജക്ട് പ്രകാരം കിണര് നിര്മ്മാണത്തിനായി 4,23,125/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ശ്രീ ആല്ബര്ട്ട് ജോര്ജ്ജ് എന്ന കരാറുകാരന് 4,05,407/- രൂപയ്ക്ക് കരാര് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. (4.18% ടെണ്ടര് കുറവ്) (എഗ്രിമെന്റ് നം. AE/09/23-24/30.5.23). ഫയല്പ്രകാരം 03.06.2023 ന് സൈറ്റ് ഹാന്റ് ഓവര് ചെയ്തിട്ടുണ്ട്. ടി.എസ്സ് സ്ളിപ്പ് പ്രകാരം 6 മാസ കാലാവധിയുള്ള വര്ക്ക് പൂര്ത്തിയാക്കിയത് 28.11.2024 നാണ്. സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് കാലാവധി 28.11.2024 വരെ നീട്ടിയതായി കാണുന്നു. എഗ്രിമെന്റ് വ്യവസ്ഥകള് പ്രകാരം സൈറ്റ് ഹാന്റ് ഓവര് ചെയ്ത് 7 ദിവസത്തിനുള്ളില് പ്രവൃത്തി ആരംഭിക്കേണ്ടതാണ്. ഫയല് പ്രകാരം, പ്രവൃത്തി ആരംഭിക്കുന്നതിനും പൂര്ത്തിയാക്കുന്നതിനും കാലതാമസം വന്നതായി കാണുന്നു. P.W.D മാന്വല്, എഗ്രിമെന്റിലെ ഖ.നം 7 എന്നിവ പ്രകാരമുള്ള നടപടികള് സ്വീകരിക്കാതെയാണ് കരാറുകാരന് ഫൈനല് ബില് നല്കിയത്.

പ്രോജക്ട് നം. 178 പ്രകാരം 2024-25 വര്ഷം പുതിയ പ്രോജക്ട് രൂപീകരിച്ചുവെങ്കിലും തന്വര്ഷത്തില് ചെലവില്ല. പ്രസ്തുത ഫയല് പരിശോധിച്ചതില് 4,50,458/- രൂപ എസ്റ്റിമേറ്റില് പൈപ്പ്ലൈന് വര്ക്കിനുവേണ്ടി തയ്യാറാക്കിയ പ്രവൃത്തി ശ്രീ ഷിജുലാല് എം എന്ന കരാറുകാരന് 4,41,449/- രൂപയ്ക്കാണ് എറ്റെടുത്തിട്ടുള്ളത്. (2% ടെണ്ടര് കുറവ്). 2022-23 വര്ഷത്തില് ആവിഷ്ക്കരിച്ച പദ്ധതി ഓഡിറ്റ് പിരീഡുവരെ ഗുണഭോക്താക്കള്ക്ക് പ്രയോജനപ്പെടുത്തുംവിധം ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതില് ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല എന്നു കാണുന്നു. മേല് സൂചിപ്പിച്ച രണ്ട് പദ്ധതികളും രണ്ട് നിരക്കിലാണ് കരാറുകാര് ഏറ്റെടുത്തിട്ടുള്ളത്. പദ്ധതി സമഗ്രമായി തയ്യാറാക്കി നടപ്പാക്കിയിരുന്നെങ്കില് കരാറുകാരുടെ പങ്കാളിത്തം വര്ദ്ധിക്കാനും പഞ്ചായത്തിനു കൂടുതല് ഗുണപ്രദമാവുന്ന രീതിയില് നടപ്പിലാക്കാനും സാധിക്കുമായിരുന്നു. പദ്ധതി പൂര്ത്തിയാക്കാനുള്ള നടപടികള് സ്വീകരിക്കാത്തതിന് വിശദീകരണം നല്കാന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/24-25 തീ.24/09/2025) മറുപടി ലഭ്യമാക്കിയില്ല.

കുടിവെള്ള പദ്ധതി പൂര്ത്തീകരിച്ച് വിവരമറിയിക്കും വരെ ചെലവ് തുക 4,78,366/- രൂപ തടസ്സത്തില് വയ്ക്കുന്നു.

1-12 വീട് വാസയോഗ്യമാക്കല് പദ്ധതി പൂര്ത്തിയാക്കിയില്ല

വി.ഇ.ഒ നിര്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കല് പദ്ധതികളില് ചുവടെ കൊടുത്ത പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

1. പ്രൊജക്ട് നം- 215 /25(SO) വീട് വാസയോഗ്യമാക്കല്

അടങ്കല് - 8,25,000/-

ചെലവ് തുക – 7,50,000/-

2. പ്രൊജക്ട് നം- 216 /25(SO) വീട് വാസയോഗ്യമാക്കല് (എസ്.സി)

അടങ്കല് - 2,25,000/-

ചെലവ് തുക -1,50,000/-

പ്രോജക്ട് 1 പ്രകാരം 17 ഗുണഭോക്താക്കള്ക്ക് വീട് വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യം വച്ചത്. ഇതില് താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കള് അഡ്വാന്സായി ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഓഡിറ്റ് തീയതി വരെ വീട് റിപ്പയര് പൂര്ത്തിയാക്കിയില്ല.

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	കൈപ്പറ്റിയ തിയ്യതി
ആമിന മുഹമ്മദാലി വാര്ഡ്.9	37,500	21-6-2024
യശോദ.വാര്ഡ്. 11	37,500	21.6.2024

പ്രോജക്ട് 2 പ്രകാരം 3 ഗുണഭോക്താക്കള്ക്ക് വീട് വാസയോഗ്യമാക്കാനുള്ള പദ്ധതി. താഴെ പറയുന്ന ഗുണഭോക്താവ് റിപ്പയര് പൂര്ത്തിയാക്കിയില്ല.

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	കൈപ്പറ്റിയ തിയ്യതി
സൗമിനി വിനോദ്	75,000	27.12.23

ധനസഹായം കൈപ്പറ്റിയിട്ടും റിപ്പയര് പൂര്ത്തിയാക്കാത്തതിന് വിശദീകരണം നല്കേണ്ടതും, പ്രവൃത്തികള് പൂര്ത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

1-13 മെഡിക്കല് ഓഫീസര് (സി.എച്ച്.സി) നിര്വ്വഹണം ചെയ്ത വിവിധ പദ്ധതികളില് മരുന്ന് ലഭിക്കാന് കാലതാമസം

മെഡിക്കല് ഓഫീസര് നിര്വഹണം ചെയ്ത വിവിധ പദ്ധതികളില് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കല് സര്വ്വീസ് കോര്പ്പറേഷന് താഴെ പറയുന്ന ബില്ലുകള് പ്രകാരം തുക കൈമാറിയെങ്കിലും മുഴുവന് മരുന്നും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേര്ക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	പ്രോജക്റ്റ് നമ്പര്	അടങ്കല് തുക	ചെലവ് തുക	ബില് നമ്പര്/ തീയതി (തുക ഫണ്ട്)	മരുന്ന് ലഭ്യമായത് (തുക)	മരുന്ന് ലഭിക്കാന് അവശേഷിക്കുന്നത് (തുക)

1	അതിദരിദ്ര ഉപപദ്ധതി മരുന്ന് വാങ്ങല്	61/24-25	82,500		635/7.3.25 (50347 (വികസന ഫണ്ട് (ജനറല്))	0	50,347
2	പെയിന് & പാലിയേറ്റീവ്	71/24-25	13,98,080	13,00,483	599/6.3.25 (427456 (വികസന ഫണ്ട് (ജനറല്))	3,584	
					610/7.3.25 (151222 ((വികസന ഫണ്ട് (ജനറല്))	33,215	
3	എഫ്.എച്ച്.സി മരുന്ന് വാങ്ങല്	92/24-25	6,41,096	6,41,096	509/26.12.24 (210592 (മെയിന്റനന്സ് ഗ്രാന്റ് (നോണ് റോഡ്))	1,16,604	93,988
					554/31.1.25 (229680 (മെയിന്റനന്സ് ഗ്രാന്റ്(നോണ് റോഡ്))	1,65,775	63,905
					611/7.3.25 (63188 (മെയിന്റനന്സ് ഗ്രാന്റ് (നോണ് റോഡ്))	0	63,188
4	എഫ്.എച്ച്.സി മരുന്ന് വാങ്ങല്(SO)	202/24-25	33,788	33,788	220/9.5.24 (33788 (മെയിന്റനന്സ് ഗ്രാന്റ്(നോണ് റോഡ്))	4,301	29,487
5	അതിദരിദ്ര ഉപപദ്ധതി മരുന്ന് വാങ്ങല്(SO)	226/24-25	68,612	68,612	250/16.5.24 (56763 (വികസന ഫണ്ട് (ജനറല്))	33,924	22,839
							8,65,633

മേല് ബില്ലുകള് പ്രകാരം തുക കൈമാറിയെങ്കിലും 8,65,633/- രൂപയുടെ മരുന്നുകള് ലഭിക്കാന് അവശേഷിക്കുന്നുണ്ട്. മരുന്ന് ലഭ്യമാക്കാന് സ്വീകരിച്ച നടപടികള് വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/24-25 തീ.25.09.2025) മുന്കൂര് തുക നല്കുന്നതാണ് എന്ന ഉത്തരവും അതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്ന മറുപടിയുമാണ് ലഭ്യമാക്കിയിട്ടുള്ളത്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്നുകള് ലഭ്യമാക്കുന്നതുവരെ ആയതിന്റെ മൂല്യം 8,65,633/- രൂപയുടെ ചെലവു തടസ്സത്തില് വെയ്ക്കുന്നു.

1-14 യഥാര്ത്ഥ ചെലവ് സുലേഖ ചെലവ് പത്രികയില് ഉള്പ്പെട്ടിട്ടില്ല

Income & Expenditure Statement I-6 ഷെഡ്യൂള് 160100102 പ്രകാരം വികസനഫണ്ട് (ജനറല്) ചെലവ് തുക 2,56,21,512/- യാണ്. എന്നാല് ഐ.കെ.എം ചെലവ് പത്രിക പ്രകാരം വികസനഫണ്ട് (ജനറല്) – ല് 2,46,84,370/- രൂപയാണ് ചെലവ്. Income & Expenditure Statement I-6 ഷെഡ്യൂള് 160300102 പ്രകാരം സംയുക്ത പദ്ധതികള്ക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 31,66,221/- യാണ്. എന്നാല് ഐ.കെ.എം ചെലവ് പത്രിക പ്രകാരം 24,38,500/- രൂപയാണ് ചെലവ്.

സുലേഖ ചെലവ് പത്രികയില് എല്ലാ ചെലവും ഉള്പ്പെട്ടിട്ടില്ല. വിശദാംശം താഴെ ചേര്ക്കുന്നു.

ക്രമ നം	പ്രോജക്റ്റ്	വികസന ഫണ്ട് (ജനറല്)	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	റിമാര്ക്സ്
1	218/24-25 ക്ഷീരസംഘങ്ങളിലെ കര്ഷകര്ക്ക് പാലിന് സബ്സിഡി	3,67,376	7,27,721	പദ്ധതി വിശദാംശം ഉള്പ്പെട്ടിട്ടില്ല
2	220/24-25 പെയിന് & പാലിയേറ്റീവ് പദ്ധതി	2,10,148	0	പദ്ധതി വിശദാംശം ഉള്പ്പെട്ടിട്ടില്ല
3	222/24-25 ജീവതാളം	27,000	0	പദ്ധതി വിശദാംശം ഉള്പ്പെട്ടിട്ടില്ല
4	223/24-25 ആര്ദ്രം പദ്ധതിയില് നിയമിച്ച ജീവനക്കാര്ക്ക് വേതനം നല്കല്	3,32,618	0	പദ്ധതി വിശദാംശം ഉള്പ്പെട്ടിട്ടില്ല
5	217/24-25 മത്സ്യ സഞ്ചാരി	1,00,000	0	പദ്ധതി ചെലവ് ഉള്പ്പെട്ടിട്ടില്ല

സുലേഖ ചെലവ് പത്രികയില് എല്ലാ ചെലവും ഉള്പ്പെടാത്തതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/24.9.25) മറുപടി ലഭ്യമാക്കിയില്ല. ചെലവ് പത്രികയില് എല്ലാ ചെലവും ഉള്പ്പെടാത്തതിന് മറുപടി നല്കേണ്ടതാണ്.

1-15 ടേക്ക് എ ബ്രേക്ക് - കംഫര്ട്ട് സ്റ്റേഷന്- ഫീസ് പിരിവ് അനുമതി ലഭ്യമാക്കേണ്ടതാണ്.

തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടുള്ള **ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രത്തിനോട് അനുബന്ധിച്ചുള്ള കംഫര്ട്ട് സ്റ്റേഷന്** നടത്തിപ്പ് സംബന്ധിച്ച് 29.11.2024 ലെ 36(1) തീരുമാന പ്രകാരം നടത്തിപ്പിനുള്ള ചുമതല കുടുംബശ്രീ –യെ ഏൽപ്പിക്കുന്നതിനും ആയതിലേക്ക് പ്രതിദിനം 350/- രൂപ നിരക്കിൽ ഓരോദിവസവും ഒരു തൊഴിലാളിയെ വീതം ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനുള്ള ചെലവ്, വെള്ളം, വൈദ്യുതി മറ്റ് അവശ്യസാധനങ്ങൾ തുടങ്ങിയ ചെലവുകൾ, ഗ്രാമപഞ്ചായത്ത് വഹിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മൂത്രപ്പുര ഉപയോഗത്തിന് 5/- രൂപ നിരക്കിലും കക്കൂസ്, കുളിമുറി ഉപയോഗത്തിന് 10/- രൂപ നിരക്കിലും യൂസർഫീ ഈടാക്കുന്നതിനും ഭരണസമിതി തീരുമാനിച്ചു. പ്രതിദിന വരവ് തൊട്ടടുത്ത ദിവസം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതും,

ആവശ്യമായ രജിസ്ററ്ററുകളും രേഖകളും സൂക്ഷിക്കുന്നതും വിശ്രമ കേന്ദ്രം പൂർണ്ണമായും ശുചിയായും, സുരക്ഷിതമായും പരിപാലിക്കുന്നതും നിയോഗിക്കപ്പെട്ട കുടുംബശ്രീയുടെ ചുമതലയായും, വ്യവസ്ഥ ചെയ്തുകൊണ്ട് ഉടമ്പടി വച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധനയില് ചുവടെ ചേർക്കുന്ന അപാകതകള് കാണുന്നു.

1. ഫയല് നമ്പര് 572/2025 പ്രകാരവും വൗച്ചര് നമ്പര് 22401274/5.02.2025 പ്രകാരവും 19.01.2025 മുതല് 31.01.2025 വരെ കംഫര്ട്ട് സ്റ്റേഷന് നടത്തിപ്പും ഫീസ് പിരിവും നടത്തിയ വകയില് ശ്രീ ബാവ എന്നയാള്ക്ക് ദിവസേന 350/- രൂപ നിരക്കില് 13 ദിവസത്തേയ്ക്ക് 4,550/- രൂപ അനുവദിച്ചിട്ടുണ്ട്. നിലവില് തുടര്ന്നും ടിയാന് മേല് നിരക്കില് തുക അനുവദിച്ചു വരുന്നുണ്ട്. എന്നാല് കുടുംബശ്രീയെ ചുമതല ഏല്പിക്കുന്നതിനുള്ള പഞ്ചായത്ത് തീരുമാനം മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയിട്ടുള്ളത്. ടിയാനെ ചുമതല ഏല്പിച്ചുകൊണ്ടുള്ള പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2. കംഫര്ട്ട് സ്റ്റേഷന് വരവുമായി ബന്ധപ്പെട്ട രജിസ്റ്റര് പ്രകാരം 16.01.2025 മുതല് കംഫര്ട്ട് സ്റ്റേഷനില് നിന്നും തുക കളക്ട് ചെയ്ത് തുടങ്ങിയിട്ടുണ്ട്. മേല് പഞ്ചായത്ത് തീരുമാനം പ്രകാരമുള്ള നിരക്കില് യൂസര് ഫീ കളക്ട് ചെയ്യുന്നതിനാണ് നിര്ദ്ദേശിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് കളക്ട് ചെയ്യുന്ന തുകയ്ക്ക് രശീത് നല്കാത്തതിനാല് നിലവില് ഏത് നിരക്കിലാണ് ഫീ കളക്ട് ചെയ്യുന്നത് എന്ന് വ്യക്തമല്ല.

3. ബന്ധപ്പെട്ട രജിസ്റ്റര് പ്രകാരം 2024- 25 വര്ഷം ഈയിനത്തിലുള്ള വരവ് 29,760/- രൂപയാണ്. എന്നാല് വാര്ഷിക ധനകാര്യ പത്രിക (RP -4) പ്രകാരം ഇത് 4,520/- രൂപയാണ്. മേല് പഞ്ചായത്ത് തീരുമാനം അനുസരിച്ച് കളക്ഷന് തുക അതാത് ദിവസം ഗ്രാമപഞ്ചായത്തില് അടവാക്കേണ്ടതാണ്. എന്നാല് നിലവില് അതാത് ദിവസം കളക്ഷന് തുക പഞ്ചായത്തില് അടവാക്കുന്നില്ല എന്ന് കാണുന്നു. ഉദാഹരണത്തിന് 31.08.2025 മുതല് 7.09.2025 വരെയുള്ള കളക്ഷന് തുക 5,785/- രൂപ അടവാക്കിയത് 09.09.2025 നും 08.09.2025 മുതല് 13.09.2025 വരെയുള്ള 3500/- രൂപ അടവാക്കിയത് 15.09.2025 നുമാണ്. അപാകതകള്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19/24-25 തിയതി 25.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് പിരിവിനുള്ള അനുമതി സംബന്ധിച്ച തീരുമാനം ലഭ്യമാക്കേണ്ടതും തുക കളക്ട് ചെയ്യുന്നതിന് രശീത് അനുവദിക്കുന്നതിനും പിരിവ് തുക അതാത് ദിവസം അടവ് വരുത്തുന്നതിനും നടപടികള് സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

<u>1-16 പ്രത്യേകോദ്ദേശ ഗ്രാന്റ് തുകകള് ചെലവഴിക്കാതെ അവശേഷിക്കുന്നു.</u>

മുന്വര്ഷം ചെലവഴിക്കാതെ അവശേഷിക്കുന്ന പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകള് തന്വര്ഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേര്ക്കുന്നു.

ക്രമ നം	കോഡ്	2023-24 ലെ നീക്കിയിരിപ്പ്	2024-25ലെ നീക്കിയിരിപ്പ്
1	32010016 (WGDP)	1,040	1,048
2	320100190 (VIMUKTHI)	50,600	50,600
3	320100153 (PYKA)	42,012	43,155
4	320200399 (Sc Kavu Renovation Fund)	1,61,801	1,61,801
5	320200214 (ST Corpus Fund)	1,67,253	1,67,253

ഗ്രാന്റ് തുകകള് ചെലവഴിക്കാതെ സൂക്ഷിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. മേല് തുകകള് വന്നത് ഏത് വര്ഷം, ആയതിന്റെ ഉദ്ദേശ്യം എന്നിവ വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/24-25 തീയതി.24/09/2025) മറുപടി ലഭ്യമാക്കിയില്ല. മേല് തുകകള് സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-17 കമ്പ്യൂട്ടറുകള്ക്ക് എ.എം.സി - കൃത്യത ഉറപ്പുവരുത്താതെ തുക അടവാക്കുന്നു

പ്രൊജക്ട് നമ്പര്	183/24-25
നിര്വ്വഹണം	സെക്രട്ടറി
അടങ്കല് തുക	1,76,605/- (വികസന ഫണ്ട്, ജനറല്)
ചെലവു തുക	ബില് പ്രൊസീഡിങ്സ് നമ്പര്/ തിയതി
1,42,680	207/09.05.24
33,925	206/09.05.24

കമ്പ്യൂട്ടറുകള്ക്കും അനുബന്ധ ഉപകരണങ്ങള്ക്കും വാര്ഷിക പരിപാലനത്തിന് തുക നല്കുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം യു.പി.എസ് കളുടെ പരിപാലനത്തിനായി ഇഗാ ടെക്ക്, കോഴിക്കോട് എന്ന സ്ഥാപനത്തിനും കമ്പ്യൂട്ടറുകളുടെ പരിപാലനത്തിനായി കെല്ട്രോണ് എന്ന സ്ഥാപനത്തിനുമാണ് തുക നല്കിയിട്ടുള്ളത്. 30.05.2024 മുതല് 29.05.2025 വരെയാണ് പരിപാലന കാലാവധി. സ്ഥാപനങ്ങളുടെ ബില് പ്രകാരം ഓരോന്നിനും നല്കിയ നിരക്ക് ചുവടെ ചേര്ക്കുന്നു.

I കെല്ട്രോണ്

ക്രമ നമ്പര്	ഇനം	നിരക്ക്	എണ്ണം	ആകെ തുക
1	സെര്വര് കമ്പ്യൂട്ടര്	19,400	1	19,400
2	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടര്	4,500	8	36,000
3	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടര്	3,300	11	36,300
4	ലാപ് ടോപ്പ്	8,200	3	24,600
5	ലാപ് ടോപ്പ് പാനല്	3,865	1	3,865
		ഡോക്യുമെന്റേഷന് ചാര്ജ്		750
		ജി.എസ്.ടി		21,765
		ആകെ		**1,42,680**

II ഇഗാ ടെക്ക്, കോഴിക്കോട്

ക്രമ നമ്പര്	ഇനം	നിരക്ക്	തുക
1	5 KVA UPS -1 3KVA UPS -1 2KVA UPS -2	33,925	33,925

മേല് പട്ടിക പ്രകാരം 3 യു.പി.എസുകള്ക്കും 19 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകള്ക്കും 4 ലാപ് ടോപ്പ് കമ്പ്യൂട്ടറുകള്ക്കും 1 സെര്വര് കമ്പ്യൂട്ടറിനുമാണ് എ.എം.സി വെച്ചിട്ടുള്ളത്. എന്നാല് കമ്പ്യൂട്ടര് അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി രജിസ്റ്റര് പരിശോധിച്ചതില്, ആകെ ആദ്യ 9 പേജുകളിലായി 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 2 ലാപ് ടോപ്പ് കമ്പ്യൂട്ടറുകളും 1 യു.പി.എസും 1 സെര്വര് കമ്പ്യൂട്ടറുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 9 പേജുകളിലായി രേഖപ്പെടുത്തിയ ഇനങ്ങള് 13.03.15 നും 10.01.18 നും ഇടയില് സപ്ലൈ ചെയ്തവയാണ്. തുടര്ന്ന് ഒരു എന്ട്രിയും രജിസ്റ്ററില് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രജിസ്റ്റര് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ പേര്, വാറന്റി കാലയളവ് എന്നിവ രേഖപ്പെടുത്തുന്നില്ല. ആയതിനാല് നിലവില് എ.എം.സി വെച്ച മുഴുവന് ഡെസ്ക് ടോപ്പ്/ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകളുടെയും വാറന്റി പിരീഡ് കഴിഞ്ഞതാണോ എന്നുറപ്പ് വരുത്താന് കഴിഞ്ഞിട്ടില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കാന് നിര്ദ്ദേശിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/24-25 തിയതി 24.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാല് ഈ ഇനത്തില് ചെലവ് ചെയ്ത 1,76,605/- രൂപ ഓഡിറ്റില് തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടര്/അനുബന്ധ ഉപകരണങ്ങള് സപ്ലൈ ചെയ്ത തീയതി, സ്ഥാപനത്തിന്റെ പേര്,

വാറന്റി പിരീഡ്, എ.എം.സി കാലയളവ് തുടങ്ങിയ വിവരങ്ങള് ഉള്പ്പെടുത്തി എ.എം.സി രജിസ്റ്റര് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 ടെണ്ടര് ഫീ ഇനത്തിലെ വരവ് പഞ്ചായത്തിലേയ്ക്ക് വരവ് വയ്ക്കുന്നില്ല

തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ വാര്ഷിക പദ്ധതിയില് ഉള്പ്പെടുത്തി നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികള് ഇ-ടെണ്ടര് ചെയ്യുമ്പോള് ആയതുമായി ബന്ധപ്പെട്ട ടെണ്ടര് ഫീ നിലവില് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കപ്പെടുന്നത്. ഇപ്രകാരം വരവ് വയ്ക്കപ്പെടുന്ന തുകകള് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതും ആയത് ഗ്രാമപഞ്ചായത്തിന്റെ വാര്ഷിക കണക്കില് പ്രതിഫലിക്കേണ്ടതുമാണ്. 2024-25 സാമ്പത്തിക വര്ഷം ഇ-ടെണ്ടര് ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ, ടെണ്ടര് ഫീ ഇനത്തില് ലഭിച്ച തുക, ടെണ്ടര് ഫീ സ്വീകരിക്കുന്നതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങള്, ടെണ്ടര് ഫീ ഇനത്തില് ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച വിവരങ്ങള്, തന്വര്ഷത്തേയോ മുന്വര്ഷങ്ങളിലേയോ തുകകള് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറാന് ശേഷിക്കുന്നുണ്ടെങ്കില് ആയത് സംബന്ധിച്ച വിവരങ്ങള് ആരാഞ്ഞതിന് ലഭ്യമാക്കിയ 1.7.2025 ലെ AE/25/LID & EW/TDY/25 നമ്പര് സാക്ഷ്യപത്ര പ്രകാരമുള്ള വിവരങ്ങള് താഴെ ചേര്ക്കുന്നു.

ക്രമ നം	വര്ഷം	ഇ ടെണ്ടര് ഫീ
1	2017	45,970
2	2018	0
3	2019	16,280
4	2020	62,388
5	2021	53,897
6	2022	1,75,205
7	2023	2,01,100
8	2024	2,17,110
9	2025	2,38,830
	ആകെ	10,10,780

ഇ-ടെണ്ടര് ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടില് നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് നടപടികള് സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം വരവ് വയ്ക്കപ്പെടുന്ന തുകകള് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതും ആയത് ഗ്രാമപഞ്ചായത്തിന്റെ വാര്ഷിക കണക്കില് പ്രതിഫലിക്കേണ്ടതുമാണ്. ഇ-ടെണ്ടര് ഫീസ് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടില് നേരിട്ട് ലഭ്യമാക്കുന്നതിന് നടപടികള് സ്വീകരിക്കേണ്ടതാണ്.

1-19 ആരോഗ്യമേഖല ഗ്രാന്റ് ഉപയോഗിച്ച് കെട്ടിടനിര്മ്മാണം ത്വരിതപ്പെടുത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങള് മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതല് 2025-26 വരെയുള്ള അഞ്ചു വര്ഷ കാലയളവിലേക്കായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങള്ക്ക് 2968.28 കോടി രൂപയാണ് ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിര്ദ്ദേശപ്രകാരം ആറ് സ്കീമുകള്ക്കായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയില് സ്കീം 1 കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങള് മെച്ചപ്പെടുത്തുന്നതിനായുള്ളതാണ്. ഇത് പ്രകാരം കെട്ടിടങ്ങള് ഇല്ലാത്ത കുടുംബാരോഗ്യ

ഉപകേന്ദ്രങ്ങള്ക്ക് കെട്ടിടം നിര്മ്മിക്കാന് സഹായം നല്കുന്നു.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിന് 8 സബ്സെന്ററുകളാണ് ഉള്ളത്. മുത്തപ്പന്പുഴ, പുല്ലൂരാമ്പാറ, പൊന്നാങ്കയം, ആനക്കാംപൊയില്, താഴെ തിരുവമ്പാടി, അത്തിപ്പാറ, വിളക്കാംതോട്, മെയിന് സെന്ററിന്റെ കൂടെ തിരുവമ്പാടി എന്നിവിടങ്ങളിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇവയില് മുത്തപ്പന്പുഴ, പുല്ലൂരാമ്പാറ, പൊന്നാങ്കയം എന്നിവിടങ്ങളിലെ സബ്സെന്ററുകള്ക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അത്തിപ്പാറ സബ്സെന്റര് അങ്കണവാടിയിലും വിളക്കാംതോട് സബ്സെന്റര് വാടകകെട്ടിടത്തിലുമാണ് പ്രവര്ത്തിക്കുന്നത്. തിരുവമ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ആനക്കാംപൊയില്, താഴെ തിരുവമ്പാടി എന്നിവിടങ്ങളിലെ സബ്സെന്ററുകളുടെ കെട്ടിട നിര്മ്മാണം മാത്രമാണ് സ്കീം-1 ല് ഉള്പ്പെടുത്തി നടപ്പാക്കി വരുന്നത്. ഇതില് ആനക്കാംപൊയില്, താഴെ തിരുവമ്പാടി എന്നിവിടങ്ങളിലെ സബ്സെന്ററുകള്ക്ക് കെട്ടിടം നിര്മ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിന്സിപ്പല് ഡയറക്ടറുടെ 19.8.2023 ലെ LSGD/PD/18639/2023-DPLA1(1) ഉത്തരവ് പ്രകാരം 27.75 ലക്ഷം രൂപ വീതം ആകെ 55 ലക്ഷം രൂപ ആരോഗ്യമേഖല ഗ്രാന്റ് കൈമാറി ഉത്തരവായിട്ടുണ്ട്. ഇവയുടെ കെട്ടിട നിര്മ്മാണം ആരംഭിച്ചിട്ടുണ്ട്. എന്നാല് 31.03.2025 വരെ ലഭിച്ച ഗ്രാന്റ് ചെലവഴിച്ചിരുന്നില്ല. ആനക്കാംപൊയില് സബ്സെന്ററിന്റെ നിര്മ്മാണം ഭാഗികമായി പൂര്ത്തീകരിച്ചിട്ടുള്ളതിന് 16.9.2025 ല് 10,76,558/- രൂപ ചെലവഴിച്ചിട്ടുണ്ട്. താഴെ തിരുവമ്പാടി സബ്സെന്ററിന്റെ തറനിര്മ്മാണം മാത്രമെ ആയിട്ടുള്ളു. എന്നാല് ബാക്കി തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

കെട്ടിടങ്ങള് ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങള്ക്ക് കെട്ടിടം നിര്മ്മിക്കാന് സ്കീം -1 പ്രകാരം ലഭിച്ച ഗ്രാന്റിന്റെ 20% തുക മാത്രമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തില് ഗ്രാമപഞ്ചായത്തിന്റെ പ്രവര്ത്തനം ഊര്ജ്ജിതപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതില് നിന്ന് വ്യക്തമാണ്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങള്ക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാല് ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികള് ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ആനക്കാംപൊയില്, താഴെ തിരുവമ്പാടി എന്നിവിടങ്ങളിലെ സബ്സെന്ററുകള്ക്ക് വേണ്ടി നിര്മ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തികള് അടിയന്തരമായി പൂര്ത്തീകരിക്കേണ്ടതാണ്.

1-20 കുടിവെള്ള വിതരണം - സര്ക്കാര് നിര്ദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കി

പ്രൊജക്ട് നം	344/24
അടങ്കല് തുക	13,02,000/- (തനതു ഫണ്ട്)
ചെലവു തുക	13,02,000/-
ബില് സാങ്ഷന് നമ്പര്	380/10.09.24
നിര്വ്വഹണ ഉദ്യോഗസ്ഥന്	സെക്രട്ടറി

വരള്ച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാര്ഡുകളില് കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടര് ക്ഷണിച്ചതില് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ഷിജിമോന് ജോസഫ് എന്നയാളുടെ ടെണ്ടര് അംഗീകരിച്ചിട്ടുണ്ട്. 13.03.2024 മുതല് 19-5-2024 വരെയുള്ള കാലയളവില് വിവിധ വാര്ഡുകളിലായി 26,04,000 ലിറ്റര് കുടിവെള്ളം വിതരണം ചെയ്തതിന് 13,02,000/- രൂപയുടെ ബില് കരാറുകാരന് സമര്പ്പിക്കുകയും മേല് സൂചിപ്പിച്ച പ്രകാരം തുക കരാറുകാരന് നല്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതില് ചുവടെ ചേര്ക്കുന്ന അപാകതകള് കാണുന്നു.

1. ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സര്ക്കാര് നിര്ദ്ദേശ പ്രകാരമല്ല

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എ.ഡി നമ്പര് ഉത്തരവ് ഖണ്ഡിക.4(g) പ്രകാരം ജല വിതരണത്തിന് കിലോമീറ്റര് അടിസ്ഥാനത്തിലാണ് റേറ്റ്

നിര്ണ്ണയിക്കേണ്ടതെന്നും ജില്ലാകലക്ടര് നിര്ണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കില് ആണ് ഗ്രാമപഞ്ചായത്തുകള് ജലവിതരണം നടത്തേണ്ടത് എന്നും നിര്ദ്ദേശിക്കുന്നുണ്ട്. എന്നാല് മേല് സര്ക്കാര് ഉത്തരവിലെ നിര്ദ്ദേശങ്ങള് പാലിക്കാതെ വിതരണം ചെയ്ത വെള്ളത്തിന്റെ (ലിററ്) അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നല്കിയത്. 29-2-2024 ലെ ടെണ്ടര് നോട്ടീസില്, എല്ലാ ചെലവുകളും ഉള്പ്പെടെ വെള്ളം വിതരണം ചെയ്യുന്നതിന് ലിററിനാണ് തുക ക്വാട്ടു ചെയ്യാന് ആവശ്യപ്പെട്ടിട്ടുള്ളത്. കരാറുകാര് സമര്പ്പിച്ച ടെണ്ടറുകളിലും അപ്രകാരമാണ് തുക ക്വാട്ടു ചെയ്തിരിക്കുന്നത്. കരാറുകാര് ക്വാട്ടു ചെയ്ത നിരക്ക് താഴെ കൊടുക്കുന്നു.

കരാറുകാരന്റെ പേര്	ക്വാട്ടുചെയ്ത തുക
ശ്രീ.പി.ഷാജു ജോസഫ്	1000 ലിററിന് 600/- രൂപ നിരക്കില്
ശ്രീ. ഷിജിമോന് ജോസഫ്	1000 ലിററിന് 500/- രൂപ നിരക്കില്

26,04,000 ലിററ് കുടിവെള്ളം വിവിധ വാര്ഡുകളില് വിതരണം ചെയ്തു എന്ന് കരാറുകാരന് അറിയിച്ചതിന്റെ അടിസ്ഥാനത്തില് തുക നല്കിയതല്ലാതെ ഇത്രയും അളവില് വെള്ളം വാര്ഡുകളില് വിതരണം ചെയ്തു എന്ന് പഞ്ചായത്ത് എപ്രകാരമാണ് ഉറപ്പാക്കിയതെന്ന് ഫയലില് വ്യക്തമല്ല. കുടിവെള്ള വിതരണം സംബന്ധിച്ച് തയ്യാറാക്കിയ നിബന്ധനകളില്, ഓരോ ട്രിപ്പിനും ട്രിപ്പ് ഷീററ് വാഹനത്തിന്റെ ഡ്രൈവര് എഴുതി സൂക്ഷിക്കേണ്ടതാണെന്നും അതേ ദിവസം തന്നെ പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് സാക്ഷ്യപ്പെടുത്തി അതാത് ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ഗ്രാമപഞ്ചായത്തില് ഏല്പ്പിക്കേണ്ടതാണ് എന്നുമുള്ള വ്യവസ്ഥ ഉള്പ്പെടുത്തിയിട്ടുണ്ട്. നിബന്ധനകളിലൊന്നും വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് പരിശോധിച്ച് ഉറപ്പ് വരുത്താന് നിര്ദ്ദേശിച്ചിട്ടില്ല. ട്രിപ്പ് ഷീററ് പ്രകാരം എപ്രകാരമാണ് ഇത്രയും ലിററ് വെള്ളം കരാറുകാരന് വിതരണം നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതെന്ന് വിശദീകരിക്കേണ്ടതാണ്.

<u>2. വാഹനത്തിന്റെ ജി.പി.എസ് റിപ്പോര്ട്ട് ലഭ്യമാക്കിയില്ല.</u>

ജില്ലാതല റവന്യൂ അധികാരികള്ക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിററിങ്ങ് നടത്തുന്നതിന് GPS ട്രാക്കിങ്ങിനുള്ള സംവിധാനം നിര്ബന്ധമായും തദ്ദേശ മേധാവികള് ഏര്പ്പെടുത്തണം. 19.02.24 ലെ സ.ഉ.(സാ.ധാ) നം. 405/2024/LSGD ഉത്തരവ് പ്രകാരം കുടിവെള്ളം വിതരണം നടത്തുന്ന ടാങ്കറുകളില്/വാഹനങ്ങളില് GPS ഘടിപ്പിച്ചിരിക്കേണ്ടതും ആയതിന്റെ ലോഗ് ലഭ്യമാക്കി ഫയലില് സൂക്ഷിക്കേണ്ടതുമാണ്. GPS ട്രാക്കിങ്ങ് അടിസ്ഥാനമാക്കിയുള്ള മോണിററിങ്ങ് ജില്ലാ ജോയിന്റ് ഡയറക്ടര് നടത്തേണ്ടതുമാണ്. കുടിവെള്ള വിതരണത്തിന്റെ തുക നല്കുന്നതിന് മുന്പായി GPS ലോഗും വാഹന ലോഗും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയാണ് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാര് തുക വിനിയോഗിക്കേണ്ടത്. കുടിവെള്ള വിതരണം സംബന്ധിച്ച നിബന്ധന 18 ല് തുക നല്കുന്നതിന് മുന്പായി GPS ലോഗും വാഹന ലോഗും ക്രോസ്സ് ചെക്ക് ചെയ്ത് കുററമററ രീതിയില് കുടിവെള്ള വിതരണം നടത്തിയെന്ന് ബോധ്യമാകുന്ന പക്ഷം മാത്രമേ തുക നല്കൂ എന്ന് വ്യവസ്ഥ ഉള്പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാല് കുടിവെള്ള വിതരണം നടത്തിയ വാഹനങ്ങളുടെ ജി.പി.എസ് റിപ്പോര്ട്ടുകള് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കരാറുകാരന് തയ്യാറാക്കിയ വാഹനത്തിന്റെ ട്രിപ്പ് ഷീററ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാല് തന്നെ പഞ്ചായത്ത് പരിധിയിലാണ് കുടിവെള്ള വിതരണം നടത്തിയതെന്നും ഈ ആവശ്യത്തിനാണ് വാഹനം ഓടിയതെന്നും ഉറപ്പുവരുത്താന് സാധിച്ചിട്ടില്ല.

<u>3. ടെണ്ടറുകളില് തിരുത്ത്.</u>

പദ്ധതിയ്ക്കായി ലഭിച്ച രണ്ടു ടെണ്ടറുകളിലും ടെണ്ടര് ഫോറത്തിന്റെ ആദ്യ പേജില് തിരുത്തല് വരുത്തിയതായി കാണുന്നു. രണ്ടെണ്ണത്തിലും ഒരേ തിരുത്തലുകള് വരുത്തിയതും ടെണ്ടര് ഫോമുകളിലെ കൈയ്യക്ഷരത്തിന്റെ സാദൃശ്യവും തിരുത്തലുകളുടെ ഗൗരവം വര്ദ്ധിപ്പിക്കുന്നു.

<u>4.ടെണ്ടര് ഫോമിന്റെ വില ഈടാക്കിയതിന്റെ വിശദാംശങ്ങള് ലഭ്യമാക്കിയില്ല</u>

29.02.24 ലെ ടെണ്ടര് പരസ്യം പ്രകാരം ടെണ്ടര് ഫോറത്തിന്റെ വില 1,000/- രൂപയും ജി.എസ്.ടി.യുമാണ്. പദ്ധതിയ്ക്കായി ഇഷ്യൂ ചെയ്ത രണ്ടു ടെണ്ടര് ഫോമുകളുടെയും തുക

ഗ്രാമപഞ്ചായത്തില് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5. സര്ക്കാര് നിര്ദ്ദേശ പ്രകാരം ഇ-ടെണ്ടര് നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്ത് 2023-24 വര്ഷം കുടിവെള്ള വിതരണത്തിനായി 6/24 പ്രോജക്ട് പ്രകാരം 16,25,520/-രൂപ ചെലവഴിച്ചിട്ടുണ്ട്. 12-5-2015ലെ ജി.ഒ.(എം.എസ്) നം.13/2015/ഐ.ടി.ഡി ഉത്തരവ് പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകള്ക്ക് ഇ-പ്രൊക്യൂര്മെന്റ് രീതി ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നിലവിലുണ്ടായിട്ടും ഈ പദ്ധതിയ്ക്ക് 5 ലക്ഷത്തിന് മുകളില് ചെലവ് വരുമെന്ന് അറിഞ്ഞിട്ടും കുടിവെള്ള വിതരണത്തിന് ഇ- ടെണ്ടര് നടപടി സ്വീകരിക്കാത്തത് വിശദീകരിക്കേണ്ടതാണ്.

6. നിര്ദ്ദേശം പൂര്ണ്ണമായും പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.03.24 ലെ എ2/1211/24 നമ്പര് ഉത്തരവില്, ഓരോ വാര്ഡിലെയും കുടിവെള്ള വിതരണത്തിന്റെ ചുമതല അതാത് വാര്ഡ് ക്ലാര്ക്കുമാര്ക്ക് നല്കി ഉത്തരവാകുകയും വാര്ഡ് ക്ലാര്ക്കുമാര് ഓരോ ദിവസത്തെയും ട്രിപ്പ് ഷീറ്റ് പരിശോധിച്ച് ഒപ്പ് വെയ്ക്കണമെന്നും നിര്ദ്ദേശിച്ചിട്ടുണ്ട്. എന്നാല് വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പരിശോധിച്ചതില് പ്രസ്തുത ഉദ്യോഗസ്ഥര് ട്രിപ്പ് ഷീറ്റില് ഒപ്പ് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. ഉദ്യോഗസ്ഥരുടെ പേര് വിശദാംശങ്ങള് ചേര്ത്തിട്ടില്ല. ചില ദിവസങ്ങളില് ട്രിപ്പ് ഷീറ്റുകളില് ഒപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. ഉദാഹരണത്തിന് 01.05.24 ന് വാര്ഡ് 13 ല് 4000 ലിറ്റര് വിതരണം ചെയ്തത്, വാര്ഡ് 10 ല് 12.05.24 ന് 4000 ലിറ്റര് വെള്ളം വിതരണം ചെയ്തത് എന്നിവ പരിശോധിച്ച് അധികൃതമാക്കിയിട്ടില്ല.

മേല് അപാകതകള്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ ക്കുറിപ്പിന് (നം. 2/24-25 തിയതി 24.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. സര്ക്കാര് നിര്ദ്ദേശത്തിന് വിരുദ്ധമായി കുടിവെള്ളം വിതരണം ചെയ്ത അളവിന് ആനുപാതികമായി തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാല് ചെലവ് തുക 13,02,000/- രൂപ ഓഡിറ്റില് തടസ്സപ്പെടുത്തുന്നു. വാഹനത്തിന്റെ ജി.പി.എസ്. റിപ്പോര്ട്ട്, ടെണ്ടര് ഫോറം തുക ഈടാക്കിയതിന്റെ വിശദാംശങ്ങള് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മറ്റ് അപാകതകള്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-21 ലാന്റ് അസറ്റ് - കൃത്യത ഉറപ്പു വരുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ഡോക്യുമെന്റ്സ് രജിസ്റ്ററും ഭൂമി സംബന്ധമായ ആസ്തി രജിസ്റ്ററിന്റെ പകര്പ്പും പരിശോധിച്ചതില്, ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കളുടെ വിശദാംശങ്ങള് രേഖപ്പെടുത്തിയത് രണ്ടിലും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. ഡോക്യുമെന്റ്സ് രജിസ്റ്ററില് 45 ഭൂമികളുടെ വിശദാംശങ്ങളും ഭൂമികളുമായി ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിന്റെ വിശദാംശങ്ങള് ലഭ്യമാക്കിയതില് 70 ആസ്തികളുടെ വിവരവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് അപാകതകള് ചുവടെ ചേര്ക്കുന്നു.

1. ഡോക്യുമെന്റ് രജിസ്റ്ററില് രേഖപ്പെടുത്തിയ 45 ഭൂ ആസ്തികളുടെ ആധാരം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളതും പരിശോധനയ്ക്ക് ഹാജരാക്കിയതും. ഇവയുടെത് തന്നെ ഭൂ നികുതി വകുപ്പില് കരം അടച്ചതിന്റെ രശീത് പരിശോധിച്ചതില്, 2022-23 വരെ മാത്രമേ ഭൂ നികുതി ഒടുക്കിയതായി കാണുന്നുള്ളൂ.

2. ഗ്രാമ പഞ്ചായത്തിന് ദാനാധാരം വഴി കൈമാറ്റം ചെയ്ത് കിട്ടിയ ഭൂമികളും ഗ്രാമപഞ്ചായത്തിന്റെ പേരില് രജിസ്റ്റര് ചെയ്ത് ആസ്തി രജിസ്റ്ററില് ഉള്പ്പെടുത്തുകയോ ഡോക്യുമെന്റ് രജിസ്റ്ററില് ഉള്പ്പെടുത്തുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങള് ചുവടെ ചേര്ക്കുന്നു.

എ) 22.06.24 ലെ ഭരണ സമിതി മീറ്റിങ്ങിലെ തീരുമാനം നമ്പര് 9 ആയി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് വാര്ഡ് 10 ല് വരുന്ന പി.എച്ച്.സി. തേറുപറമ്പ് റോഡ് നിര്മ്മാണത്തിനായി 16 സെന്റ് സ്ഥലം സൗജന്യമായി നല്കിയ സ്ഥലം ഉടമയുമായി പ്രസ്തുത റോഡിന് എന്.എം. മുഹമ്മദ് മാസ്റ്റര് സ്മാരക റോഡ് എന്ന് നാമകരണം ചെയ്യുന്നതിന് വ്യവസ്ഥയുണ്ടായിരുന്നതായും മേല് സാഹചര്യത്തില് പ്രസ്തുത റോഡ് പുനര്നാമകരണം ചെയ്യണമെന്നും അപേക്ഷിച്ചുകൊണ്ട് ബഹു: വാര്ഡ് മെമ്പര് എ.കെ. മുമ്മദാലി സമര്പ്പിച്ച അപേക്ഷ ഭരണസമിതി ചര്ച്ച ചെയ്തു. പ്രസ്തുത റോഡിന് നിലവിലുള്ള പേരിനോടൊപ്പം

എന്.എം. മുഹമ്മദ് മാസ്റ്റര് സ്മാരക റോഡ് എന്ന് കൂടി ചേര്ത്ത് എന്.എം. മുഹമ്മദ് മാസ്റ്റര് സ്മാരക പി.എച്ച്.സി. തേറുപറമ്പ് റോഡ് എന്ന് പുര്നാമകരണം ചെയ്തും ആയത് പ്രകാരം ആസ്തി രജിസ്റ്റര് കാലികമാക്കുന്നതിന് നിര്ദ്ദേശം നല്കിയും തീരുമാനിച്ചു. എന്നാല് പ്രസ്തുത ഭൂമി നിലവിലും ആസ്തി രജിസ്ററില് ഉള്പ്പെട്ടിട്ടില്ല.

(ബി) 27.08.24 ലെ മീററിങ്ങില് (**തീരുമാന നമ്പര് - 12**) തിരുവമ്പാടി ഗ്രാമപഞ്ചായത്തില് പതിനാറാം വാര്ഡ് തമ്പലമണ്ണയില് സബ് സെന്ററിനായി സ്ഥലവും, വഴിയും ദാനമായി ലഭിക്കാനുണ്ടെന്നും ആയത് ഏറ്റെടുക്കുന്നതിന് ഭരണസമിതിയില് ടി വിഷയം അജണ്ടയായി ഉള്പ്പെടുത്തണമെന്നും ആവശ്യപ്പെട്ട് വാര്ഡ് മെമ്പര് ശ്രീ രാമചന്ദ്രന് കരിമ്പില് സമര്പ്പിച്ച അപേക്ഷ ഭരണസമിതി പരിശോധിച്ചു പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു. ഭൂമി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് രജിസ്റ്റർ ചെയ്ത് ലഭ്യമാക്കുന്നതിന് വാര്ഡ് മെമ്പറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. ഡോക്യുമെന്റ് രജിസ്റ്റര് പ്രകാരവും ആസ്തി രജിസ്റ്റര് പ്രകാരവും പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തിയില് ഉള്പ്പെട്ടിട്ടില്ല.

(സി) 03.03.25 ലെ ഭരണ സമിതി മീററിങ്ങില് (തീരുമാനം നമ്പര് 11), തിരുവമ്പാടി പഞ്ചായത്തിൽ അബ്ദുൾ ബഷീർ, പെരുവൻകുഴി (വീട്) എന്നവരുടെ ഉടമസ്ഥതയിലുള്ള ഒമ്പതര സെന്റ് സ്ഥലം തറിമററം പെരുവൻ കുഴി Sc കോളനി റോഡ് നിർമ്മാണത്തിനും, പൊതുകിണർ നിർമ്മാണത്തിനും ദാനമായി നല്കാൻ തയാറാണെന്ന് അറിയിച്ചിട്ടുള്ളതായി വാർഡ് മെമ്പറുടെ കത്ത് ഭരണ സമിതി ചർച്ച ചെയ്തു. തറിമററം പെരുവൻ കുഴി Sc കോളനി റോഡ് നിലവിൽ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നും, ആയതിലേക്ക് പ്രസ്തുത ഭൂമി ആവശ്യമാണോ എന്നതും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ LI &EW തിരുവമ്പാടി എന്നവരെ ചുമതലപ്പെടുത്തിയും, കിണർ നിർമ്മാണത്തിനും റോഡ് നിർമ്മാണത്തിനുമായി പ്രസ്തുത ഭൂമി ആർജ്ജിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രം തുടർനടപടികൾ സ്വീകരിക്കുന്നതിനും, ആയതിലേക്ക് ആവശ്യമായ രേഖകളും, കൂടാതെ ഭൂമി വിട്ടു നൽകുന്നതിന് രേഖാമൂലമുള്ള സമ്മതപത്രവും ബന്ധപ്പെട്ട കക്ഷിയിൽ നിന്ന് ലഭ്യമാക്കുന്നതിന് വാർഡ് മെമ്പർക്ക് ചുമതല നൽകിയും തീരുമാനിച്ചു. എന്നാല് പ്രസ്തുത ഭൂമിയും ആസ്തി രജിസ്ററിലും ഡോക്യുമെന്റ് രജിസ്ററിലും നിലവിലും ഉള്പ്പെട്ടിട്ടില്ല.

ആസ്തി രജിസ്ററിലെയും ഡോക്യുമെന്റ് രജിസ്ററിലെയും വ്യത്യാസം പരിശോധിച്ച് മറുപടി ലഭ്യമാക്കാനും ദാനാധാരം വഴി കൈമാറിയ ഭൂമികള് പഞ്ചായത്തിന്റെ പേരില് രജിസ്റ്റര് ചെയ്തിട്ടുണ്ടെങ്കില് ആയതിന്റെ വിവരങ്ങള് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 17/24-25 തിയതി 25.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികള് അന്യാധീനപ്പെടാന് ഇടയായാല് ആയത് കാലാകാലങ്ങളില് ചുമതല വഹിച്ചുവരുന്ന പഞ്ചായത്ത് സെക്രട്ടറിമാരുടെ ഉത്തരവാദിത്തങ്ങള് നിറവേററുന്നതിലെ വീഴ്ചയായി കണക്കാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് ആര്ജ്ജിച്ചതും ദാനാധാരമായി കിട്ടിയതുമായ മുഴുവന് ഭൂസ്വത്തുക്കളും പഞ്ചായത്തിന്റെ പേരില് രജിസ്റ്റര് ചെയ്തതിന്റെ രേഖകളും ആയതിന് യഥാസമയം കരമടച്ചതിന്റെ രേഖകളും ബന്ധപ്പെട്ട ഡോക്യുമെന്റ് രജിസ്റ്റര് പൂര്ത്തിയാക്കി ആയതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-22 സംരക്ഷണ ഭിത്തി പുനസ്ഥാപിച്ചതിന്റെ വിശദാംശങ്ങള് ലഭ്യമല്ല.

ഫയല് നമ്പര് :- A5/7357/23

ഗ്രാമപഞ്ചായത്ത് വാര്ഡ് 11 ലെ പെണ്ണുക്കമ്മ സര്പ്പക്കാവ് റോഡ് സംരക്ഷണ ഭിത്തി, കരിങ്കല്ല് ലോഡുമായി വന്ന KL 57R 043 നമ്പര് ടിപ്പര് ലോറി മറിഞ്ഞ് തകര്ന്നതായും 6 മാസങ്ങള്ക്ക് മുമ്പ് മാത്രം പണിത റോഡിന്റെ സംരക്ഷണ ഭിത്തി പുനര് നിര്മ്മിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 11 -ാം വാര്ഡ് മെമ്പര് ശ്രീമതി ബീന ആറാമ്പുറത്ത് നല്കിയ കത്തും ആയതിന്റെ അടിസ്ഥാനത്തില് അസിസ്റ്റന്റ് എഞ്ചിനീയര് LID & EW തയ്യാറാക്കിയ എസ്റ്റിമേറ്റും ഭരണസമിതി പരിശോധിച്ചതായും; ഭിത്തി പുനര് നിര്മ്മാണത്തിനായി 22,913/- രൂപ ചെലവു വരുന്നതായി അസിസ്റ്റന്റ് എഞ്ചിനീയര് റിപ്പോര്ട്ട് ചെയ്തിട്ടുള്ള സാഹചര്യത്തില്, ബന്ധപ്പെട്ട കക്ഷികളില്നിന്ന് റോഡ് സംരക്ഷണ ഭിത്തി പുനസ്ഥാപിക്കുന്നതിനോ, എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന ചെലവ്

ഈടാക്കുന്നതിനോ വാഹന ഉടമയുമായി നേരിട്ട് ചര്ച്ച ചെയ്യുന്നതിനും, നഷ്ട തുക ലഭ്യമാകാത്ത സാഹചര്യത്തില് കോടതി നടപടികള് സ്വീകരിക്കുന്നതിനും 22.06.24 ലെ ഭരണ സമിതി മീറ്റിങ്ങില് തീരുമാനിച്ചതായി കാണുന്നു. (തീരുമാനം നമ്പര് 16) സംരക്ഷണ ഭിത്തി പുനര് നിര്മ്മിച്ചതിന്റെയോ നഷ്ട തുക അടവാക്കിയതിന്റെയോ വിശദാംശങ്ങള് ലഭ്യമാക്കാന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/24-25 തിയതി 25.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക ഈടാക്കുകയോ സംരക്ഷണ ഭിത്തി പുനര് നിര്മ്മിക്കാനുള്ള നടപടികള് സ്വീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-23 ജലജീവന് മിഷന്

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും 2024 വര്ഷത്തോടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സര്ക്കാര് സംസ്ഥാന സര്ക്കാരുകളുമായി ചേര്ന്ന് 2020 ല് ആരംഭിച്ച പദ്ധതിയാണ് ജല്ജീവന് മിഷന്. കേന്ദ്ര സര്ക്കാരിന്റെ മാര്ഗനിര്ദ്ദേശമനുസരിച്ച് കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ് വഹിക്കേണ്ടത്. സ.ഉ.(കൈ) നം.37/2020/ ജ.വി.വ തീയതി 8.6.2020 പ്രകാരം 2020-21 വര്ഷത്തേക്ക് 880 കോടി രൂപ അടങ്കലില് ജല് ജീവന് മിഷന് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയില് 10% ഗുണഭോക്തൃവിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും നല്കാന് സന്നദ്ധത അറിയിക്കുന്ന ഗ്രാമപഞ്ചായത്തുകളെ ഉള്പ്പെടുത്തി 2020-21 വര്ഷം പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാന് പ്രസ്തുത ഉത്തരവില് നിര്ദ്ദേശിച്ചിട്ടുണ്ട്. ഭരണസമിതി തീ. 8/8(2) 19.7.21 പ്രകാരം പഞ്ചായത്തില് ആകെ 15,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ജലജിവന് മിഷന് തിരുവമ്പാടി ഗ്രാമപഞ്ചായത്തില് ജലജീവന് പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ പദ്ധതികളുടെ വിവരങ്ങള് താഴെ കൊടുക്കുന്നു.

വര്ഷം	പദ്ധതി	വകയിരുത്തിയ തുക	ചെലവഴിച്ചതുക	നിലവിലെ സ്ഥിതി
2021-22	139/21-22, 195/21- 22 ജലജീവന് മിഷന് പഞ്ചായത്ത് വിഹിതം നല്കല്	4,02,680	0	സ്പില് ഓവര് പ്രോജക്ടായി നിലനിര്ത്തി
2022-23	ടി	4,02,680	3,06,276	പൂര്ത്തിയാക്കി
2023-24	NIL	NIL	NIL	NIL
2024-25	NIL	NIL	NIL	NIL

കേരളവാട്ടര് അതോറിററിയുടെ 8.12.22 ലെ EE/PHD/ KKD/D4/JJM-PT/7409/21 കത്ത് പ്രകാരം 91 കണക്ഷനുകള് നല്കിയതായി അറിയിച്ചിട്ടുണ്ട്. തുടര്വര്ഷങ്ങളില് പഞ്ചായത്ത് വിഹിതം വകയിരുത്തിയതിന്റെ വിശദാംശങ്ങള് ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടര് അതോറിററി Site പ്രകാരം 6883 റൂറല് ഹൗസ്ഹോള്ഡില് 2258 കണക്ഷന് നല്കിയതായും 4625 കണക്ഷന് നല്കാനുള്ളതായും കാണുന്നു. തുടര്വര്ഷങ്ങളില് ജലജീവന് മിഷന് പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയതിന്റെ വിവരങ്ങളോ, ഗുണഭോക്തൃവിഹിതത്തിന്റെ വിവരങ്ങളോ ലഭ്യമാക്കാത്തതിനാല് തുടര്വര്ഷങ്ങളിലെ പുരോഗതി പരിശോധിക്കാന് സാധിച്ചിട്ടില്ല.

1-24 ആരോഗ്യമേഖല ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പഞ്ചായത്തുകളെ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയില് പ്രവര്ത്തിക്കാന് പ്രാപ്തമാക്കുന്നതിനായി നിയമം വഴി ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നല്കുന്നതിന് ഇന്ത്യന് ഭരണഘടനയുടെ അനുച്ഛേദം 243(ജി) യില് നിര്ദ്ദേശിക്കുകയും അതു പ്രകാരം സംസ്ഥാനങ്ങളിലെ നിയമനിര്മ്മാണ മണ്ഡലങ്ങള്ക്ക് പഞ്ചായത്തുകളെ ഏല്പ്പിക്കാവുന്ന പദ്ധതികള് ഭരണഘടനയുടെ പതിനൊന്നാം പട്ടികയില് വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിനൊന്നാം പട്ടികയിലെ ക്രമ നം. 23 പ്രകാരം സംസ്ഥാനങ്ങള്

ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, ഡിസ്പെന്സറികളും ഉള്പ്പെടുന്ന ആരോഗ്യ-ശുചിത്വമേഖലയുടെ ചുമതല പഞ്ചായത്തുകള്ക്ക് കൈമാറേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം കേരള സര്ക്കാര് മേല്പ്പറഞ്ഞ ചുമതല പഞ്ചായത്തുകള്ക്ക് കൈമാറിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം എല്ലാതരം ചികില്സാ സമ്പ്രദായങ്ങളിലുംപെടുന്ന ഡിസ്പെന്സറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക എന്നുള്ളത് (മൂന്നാം പട്ടികയിലെ ക്രമ.നം. സി.XII.1) ഗ്രാമപഞ്ചായത്തുകളുടെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നുള്ളത് (നാലാം പട്ടികയിലെ ക്രമ നം. ബി.X) ബ്ലോക്ക് പഞ്ചായത്തുകളുടെയും, ജില്ലാ ആശുപത്രികള് നിയന്ത്രിക്കുക എന്നുള്ളത് (അഞ്ചാം പട്ടികയിലെ ക്രമ നം. ബി.Xi.1) ജില്ലാ പഞ്ചായത്തിന്റെയും ചുമതലയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങള് മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതല് 2025-26 വരെയുള്ള അഞ്ചു വര്ഷ കാലയളവിലേക്കായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങള്ക്ക് 2968.28 കോടി രൂപയാണ് ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങള് മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങള്ക്ക് മികച്ച സേവനങ്ങള് നല്കുന്നതിനും ലക്ഷ്യമിട്ട് നവകേരളം കര്മ്മപരിപാടിയുടെ ഭാഗമായി ആര്ദ്രം മിഷന് പ്രവര്ത്തിച്ചു വരുന്നുണ്ട്. ധനകാര്യ കമ്മീഷന് അവാര്ഡ് വഴി ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് മേല്പ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരള സര്ക്കാര് സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങള്ക്ക് ലഭിക്കുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള മാര്ഗ്ഗനിര്ദ്ദേശങ്ങള് നല്കിക്കൊണ്ട് സര്ക്കാര് വിവിധ ഉത്തരവുകളും സര്ക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടവ താഴെ ചേര്ക്കുന്നു.

ക്രമ നം	ഉത്തരവ്/സര്ക്കുലര്
1	സ.ഉ (സാധാ) നം. 2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022
2	സ.ഉ (സാധാ) നം. 2156/2022/ത.സ്വ.ഭ.വ തീയതി 01.09.2022
3	സ.ഉ (സാധാ) നം. 3157/2022/ത.സ്വ.ഭ.വ തീയതി 21.12.2022
4	സര്ക്കുലര് നം. എഫ്.എം3/138/2023/ ത.സ്വ.ഭ.വ തീയതി 23.05.2023
5	സ.ഉ (സാധാ) നം. 1625/2023/ത.സ്വ.ഭ.വ തീയതി 09.08.2023

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിര്ദ്ദേശപ്രകാരം ആറ് സ്കീമുകള്ക്കായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയില് സ്കീം 1,2,3,4 എന്നിവ പഞ്ചായത്തുകള്ക്കും സ്കീം 5, 6 എന്നിവ നഗരഭരണ സ്ഥാപനങ്ങള്ക്കും ബാധകമായവയാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട സ്കീമുകളെ സംബന്ധിച്ച വിവരം താഴെ ചേര്ക്കുന്നു.

സ്കീം	വിശദാംശം
1	കെട്ടിടങ്ങള് ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങള്ക്ക് കെട്ടിടം നിര്മ്മിക്കാന് സഹായം
2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങള്ക്ക് സഹായം
3	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളില് രോഗനിര്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തല്
4	ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെല്ത്ത് & വെല്നസ് പ്രവര്ത്തനങ്ങള് നടപ്പാക്കല്

മേല്പ്പറഞ്ഞവയില് സ്കീം 1, 3, 4 എന്നിവ പ്രകാരമുള്ള ഗ്രാന്റുകളാണ് ഗ്രാമപഞ്ചായത്തുകള്ക്ക് ലഭിക്കുന്നത്. ഗ്രാമപഞ്ചായത്തുകള്ക്ക് ഗ്രാന്റ് ലഭിക്കുന്ന അഞ്ചു വര്ഷ കാലാവധിയിലെ നാലു വര്ഷങ്ങള് പിന്നിട്ട സാഹചര്യത്തില് തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിനെയും, ആയതിന്റെ

വിനിയോഗത്തിനെയും, ഫലപ്രാപ്തിയെയും സംബന്ധിച്ച കാര്യങ്ങള് ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വര്ഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങള് താഴെ ചേര്ക്കുന്നു.

1. ഗ്രാന്റ് വരവും വിനിയോഗവും

തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് 2021-22 മുതല് 2024-25 വരെയുള്ള കാലയളവില് ലഭ്യമായ ആരോഗ്യ മേഖലാ ഗ്രാന്റിനെയും ആയതിന്റെ വിനിയോഗത്തെയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

സ്കീം	ലഭിച്ച തുക					ചെലവഴിച്ച ആകെ തുക	നീക്കിയിരിപ്പ്
	2021-22	2022-23	2023-24	2024-25	ആകെ		
1	0	5550000	0	0	5550000	0	5550000
3	319591	976000	408000	0	1703591	1312376	3912157
4	210000	405000	645000	0	1260000	615000	645000
ആകെ	529591	6931000	1053000	0	8513591	1927376	6586215

ഗ്രാമപഞ്ചായത്തിന് വിവിധ സ്കീമുകളിലായി നാളിതുവരെ ലഭിച്ച ആരോഗ്യമേഖലാ ഗ്രാന്റിന്റെ ചെലവ് ശതമാനത്തെ സംബന്ധിച്ച വിവരം താഴെ ചേര്ക്കുന്നു.

സ്കീം	31.03.2025 വരെ ലഭിച്ച ആകെ തുക	31.03.2025 വരെ ചെലവഴിച്ച ആകെ തുക	ചെലവ് ശതമാനം
1	55,50,000	0	0
3	1703591	13,12,376	77%
4	12,60,000	6,15,000	49%
ആകെ	8513591	19,27,376	23%

ഗ്രാമപഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ ഗ്രാന്റിന്റെ 23% മാത്രമേ നാളിതുവരെ ചെലവഴിക്കാന് കഴിഞ്ഞിട്ടുള്ളു. കെട്ടിടങ്ങള് ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങള്ക്ക് കെട്ടിടം നിര്മ്മിക്കാന് സ്കീം -1 പ്രകാരം ലഭിച്ച ഗ്രാന്റ് ചെലവഴിച്ചിട്ടില്ല. ആനക്കാംപൊയില്, താഴെ തിരുവമ്പാടി എന്നിവിടങ്ങളിലെ സബ്സെന്ററുകള്ക്ക് കെട്ടിടം നിര്മ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിന്സിപ്പല് ഡയറക്ടറുടെ 19.8.2023 ലെ LSGD/PD/18639/2023-DPLA1(1) ഉത്തരവ് പ്രകാരം 27.75 ലക്ഷം രൂപ വീതം ആകെ 55 ലക്ഷം രൂപ ലഭിച്ചതില് നിലവില് ആനക്കാംപൊയില് സബ്സെന്ററിന്റെ നിര്മ്മാണം ഭാഗികമായി പൂര്ത്തീകരിച്ചിട്ടുള്ളതിന് 16.9.2025 ല് 10,76,558/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തില് ഗ്രാമപഞ്ചായത്തിന്റെ പ്രവര്ത്തനം ഊര്ജ്ജിതപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതില് നിന്ന് വ്യക്തമാണ്.

2. ബാങ്ക് അക്കൗണ്ടുകള്

ആരോഗ്യമേഖലാ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് കേരള ഗ്രാമീണ ബാങ്കിന്റെ ശാഖയില് മൂന്ന് പ്രത്യേക ബാങ്ക് അക്കൗണ്ടുകള് ആരംഭിച്ചിട്ടുണ്ട്. പലിശ ഇനത്തില് ലഭ്യമായ തുക ഉൾപ്പെടെ 68,59,710/-രൂപ 31.03.2025 -ന് പ്രസ്തുത ബാങ്ക് അക്കൗണ്ടുകളില് ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. നീക്കിയിരിപ്പ് തുക ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വര്ഷത്തെ ധനകാര്യ പത്രികയുമായി (ബാലന്സ് ഷീറ്റിലെ ബി-17 ഷെഡ്യൂള്) പൊരുത്തപ്പെടുന്നുണ്ട്. വിശദാംശങ്ങള് താഴെ ചേര്ക്കുന്നു.

സ്കീം	അക്കൗണ്ട് നം.	31.03.2025ലെ നീക്കിയിരിപ്പ്
1	40329101040227	57,69,898
3	40329101040236	4,31,822
4	40329101040218	6,57,990
31.03.2025 -ലെ ആകെ നീക്കിയിരിപ്പ്		68,59,710 (നാളിതു വരെ ലഭിച്ച പലിശ ഉള്പ്പെടെ)

3. പദ്ധതികള്

ആരോഗ്യമേഖല ഗ്രാന്റ് വകയിരുത്തി വിവിധ സ്കീമുകളിലായി തിരുവമ്പാടി

ഗ്രാമപഞ്ചായത്തില് ആസുത്രണം ചെയ്തതും നടപ്പാക്കിയതുമായ പദ്ധതികളെ സംബന്ധിച്ച വിവരങ്ങള് താഴെ ചേര്ക്കുന്നു.

I) സ്കീം-1 (കെട്ടിടങ്ങള് ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങള്ക്ക് കെട്ടിടം നിര്മ്മിക്കാന് സഹായം)

2024-25 സാമ്പത്തിക വര്ഷം വരെ കെട്ടിട നിര്മ്മാണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

Ii) സ്കീം-3 (ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളില് രോഗ നിര്ണ്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തല്)

ക്രമ നം	വര്ഷം	പ്രൊജക്ട്	അടങ്കല് തുക/ നിര്വഹണം	ചെലവ് തുക
1	2022-23	253/24-25 ആരോഗ്യ കേന്ദ്രങ്ങളില് രോഗനിര്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തല്	319591 മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	0
2	2023-24	SO264/23-24 ആരോഗ്യ കേന്ദ്രങ്ങളില് രോഗനിര്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തല്	319591 മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	3,19,591
3	2023-24	304/23-24 ആരോഗ്യ കേന്ദ്രങ്ങളില് രോഗനിര്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തല്	976000 മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	3,05,948
4	2024-25	445/24-25 ആരോഗ്യ കേന്ദ്രങ്ങളില് രോഗനിര്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തല്	408000 മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	39,733
5	2024-25	SO354/24-25 ആരോഗ്യ കേന്ദ്രങ്ങളില് രോഗനിര്ണയ സൗകര്യങ്ങള്	670052 മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	6,47,104
ആകെ ചെലവ്				**13,12,376**

Iii) സ്കീം-4 (ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെല്ത്ത് & വെല്നസ് പ്രവര്ത്തനങ്ങള് നടപ്പാക്കല്)

ക്രമ നം	വര്ഷം	പ്രൊജക്ട്	അടങ്കല് തുക / നിര്വ്വഹണം	ചെലവ് തുക
1	2022-23	254/22-23 ഉപകേന്ദ്രങ്ങളില് ഹെല്ത്ത് & വെല്നസ്സ് പ്രവര്ത്തനങ്ങള്	210000 മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	0
2	2023-24	SO265/23-24 ഉപകേന്ദ്രങ്ങളില് ഹെല്ത്ത് & വെല്നസ്സ് പ്രവര്ത്തനങ്ങള്	210000 മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	2,10,000
3	2023-24	305/23-24 ഉപകേന്ദ്രങ്ങളില്	405000 മെഡിക്കല്	4,05,000

		ഹെല്ത്ത് & വെല്നസ്സ് പ്രവര്ത്തനങ്ങള്	ഓഫീസര് (എഫ്.എച്.സി)	
4	2024-25	446/24-25 ഉപകേന്ദ്രങ്ങളില് ഹെല്ത്ത് & വെല്നസ്സ് പ്രവര്ത്തനങ്ങള്	645000 മെഡിക്കല് ഓഫീസര് (എഫ്.എച്.സി)	0
ആകെ ചെലവ്				**6,15,000**

4. വിശകലനവും നിര്ദ്ദേശങ്ങളും

ആരോഗ്യമേഖല ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മാര്ഗ്ഗ രേഖകളില് നിര്ദ്ദേശിച്ചത് പ്രകാരമുള്ള നിര്വഹണ ഉദ്യോഗസ്ഥര് തന്നെയാണ് പ്രൊജക്ടുകള് നടപ്പാക്കി വരുന്നത്. കെട്ടിട നിര്മ്മാണ പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിര്ണ്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തല്, ഹെല്ത്ത് & വെല്നസ് പ്രവര്ത്തനങ്ങള് എന്നിവ തിരുവമ്പാടി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കല് ഓഫീസര്മാരുമാണ് നിര്വ്വഹിക്കുന്നത്.

തിരുവമ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ആനക്കാംപൊയില്, താഴെ തിരുവമ്പാടി സബ്സെന്ററുകളുടെ കെട്ടിട നിര്മ്മാണം മാത്രമാണ് സ്കീം-1 ല് ഉള്പ്പെടുത്തി നടപ്പാക്കി വരുന്നത്. 2024-25 വരെ പ്രസ്തുത സ്കീം ല് തുകയൊന്നും ചെലവഴിച്ചിരുന്നില്ല. എന്നാല് നിലവില് ആനക്കാംപൊയില് സബ്സെന്ററിന്റെ നിര്മ്മാണം ഭാഗികമായി പൂര്ത്തീകരിച്ചിട്ടുള്ളതിന് 16.9.2025 ല് 10,76,558/- രൂപ ചെലവഴിച്ചിട്ടുണ്ട്. താഴെ തിരുവമ്പാടി സബ്സെന്ററിന്റെ തറനിര്മ്മാണം മാത്രമെ ആയിട്ടുള്ളു. ആകെ 55 ലക്ഷം രൂപയുടെ ആരോഗ്യമേഖല ഗ്രാന്റ് ലഭ്യമായതില് ബാക്കി തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

സ്കീം-3 പ്രകാരം ആരോഗ്യ സ്ഥാപനങ്ങളില് രോഗ നിര്ണ്ണയ സൗകര്യങ്ങള് ഏര്പ്പെടുത്തുന്നതിനായി ആകെ 5 പ്രൊജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്. ഇവയെല്ലാം അതത് വര്ഷം പൂര്ത്തീകരിക്കപ്പെടാതെ തുടര്വര്ഷങ്ങളിലേക്ക് സ്പില് ഓവര് ആക്കപ്പെടുകയായിരുന്നു. മേല്പ്പറഞ്ഞ 5 പ്രൊജക്ടുകളില് 2 എണ്ണം നിലവില് പൂര്ത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വര്ഷം ആവിഷ്കരിച്ച പ്രൊജക്ട് (445/24-25) നിലവിലും പൂര്ത്തീകരിക്കപ്പെട്ടിട്ടില്ല.

സ്കീം-4 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെല്ത്ത് & വെല്നസ് പ്രവര്ത്തനങ്ങള് നടപ്പാക്കുന്നതിനായി ആകെ 4 പ്രൊജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്. ഇവയും അതത് വര്ഷം പൂര്ത്തീകരിക്കപ്പെടാതെ തുടര്വര്ഷങ്ങളിലേക്ക് സ്പില് ഓവര് ആക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. മേല്പ്പറഞ്ഞ 4 പ്രൊജക്ടുകളില് 3 എണ്ണം നിലവില് പൂര്ത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വര്ഷം ആവിഷ്കരിച്ച പ്രൊജക്ട് (446/24-25) നിലവിലും പൂര്ത്തികരിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന് 31.03.2025 വരെ ലഭിച്ച ആകെ 23% തുക മാത്രമേ നാളിതുവരെ ചെലവഴിക്കാന് കഴിഞ്ഞിട്ടുള്ളു. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിന്റെ കാര്യത്തില് ഗ്രാമപഞ്ചായത്തിന്റെ പ്രവര്ത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഇതില് നിന്ന് വ്യക്തമണ്. സ്കീം-1 ല് ലഭ്യമായ തുക ചെലവഴിക്കുന്നതില് കാലതാമസം ഉണ്ടാവുന്നുണ്ട്.

സാമ്പത്തിക വര്ഷാവസാനത്തില് മാത്രമാണ് ഓരോ വര്ഷത്തെയും ഗ്രാന്റുകള് ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നത് എന്നതിനാല് പദ്ധതികള് സ്പില് ഓവറായി തുടര് വര്ഷങ്ങളിലേക്ക് നീണ്ടുപോകുന്ന സാഹചര്യമുണ്ട്. യഥാസമയം ഗ്രാന്റ് ലഭ്യമാവുന്ന പക്ഷം പദ്ധതികള് സമയബന്ധിതമായി നടപ്പിലാക്കുവാന് സാധിക്കുന്നതാണ്. സ്കീം 3, 4 എന്നിവ പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും പൊതുജനാരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രാദേശിക സാഹചര്യമനുസരിച്ചുള്ള നവീന പദ്ധതികള് നടപ്പിലാക്കാനുള്ള മാര്ഗ്ഗനിര്ദ്ദേശങ്ങള് ലഭ്യമാവുന്നത് ഗ്രാന്റ് വിനിയോഗം ഫലപ്രദമാകുന്നതിന് സഹായകരമായിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങള്ക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാല് ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികള് ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

ആനക്കാംപൊയില്, താഴെ തിരുവമ്പാടി എന്നിവിടങ്ങളിലെ സബ്സെന്ററുകള്ക്ക് വേണ്ടി നിര്മ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തികള് അടിയന്തരമായി പൂര്ത്തീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിര്ണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലയിലെ വര്ക്കിങ് ഗ്രൂപ്പും ആരോഗ്യ സ്റ്റാന്ഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങള് നേരില് സന്ദര്ശിച്ച് സൗകര്യങ്ങളും ആവശ്യകതകളും വിലയിരുത്തി ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ഫലപ്രദമായ പ്രോജക്ടുകള്ക്ക് രൂപം നല്കുന്നതിന് അത്തരം നിര്ദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രോജക്ടുകള്ക്ക് അന്തിമ രൂപം നല്കുന്നതിലും, രൂപീകരിക്കുന്ന പ്രൊജക്ടുകളുടെ നിര്വ്വഹണ നടപടികള് നിരീക്ഷിക്കുന്നതിലും, ഫലപ്രാപ്തിയിലെത്തിക്കുന്നതിലും ആരോഗ്യമേഖലാ വര്ക്കിങ് ഗ്രൂപ്പിന്റെയും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സജീവമായ ഇടപെടലുകള് ഉണ്ടാവേണ്ടതാണ്.

1-25 പദ്ധതി രൂപീകരണ മോണിറ്ററിങ്ങ് ചെലവുകള് - രേഖകള് ഹാജരാക്കിയില്ല

തന്വര്ഷം സെക്രട്ടറി നിര്വ്വഹണം നടത്തിയ പദ്ധതി രൂപീകരണ നിര്വ്വഹണ പ്രവര്ത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രൊജക്ട് നമ്പറുകള് 182/25, 15/25 എന്നിവ പ്രകാരമുള്ള ചുവടെ ചേര്ക്കുന്ന തുകകളുടെ ചെലവ് രേഖകള് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേര്ക്കുന്നു.

പ്രൊജക്ട് നമ്പര്	ബില് നമ്പര്	തുക	വിശദാംശം
15/25 അടങ്കല് 2,00,000 ചെലവ് തുക 1,00,000	379/10.09.24	10,725	19,853/- രൂപയുടെ ചെലവ് രേഖകള് ഹാജരാക്കിയില്ല.
	561/07.02.25	4,700	
	689/13.03.25	3,200	
	691/13.03.25	1,228	
182/25 അടങ്കല് 1,54,859 ചെലവ് തുക 1,54,859	201/09.05.24	3,840	1,46,910/- രൂപയുടെ ചെലവ് രേഖകള് ഹാജരാക്കിയില്ല.
	209/9.05.24	96,683	
	265/21.05.24	4,000	
	266/21.05.24	1,000	
	267/21.05.24	26,615	
	268/21.05.24	11,572	
	274/11.06.24	3,200	

ചെലവ് രേഖകള് ഓഡിറ്റ് പരിശോധന സമയത്ത് ലഭ്യമാക്കാത്തതിനാല് ആയവ ഹാജരാക്കാന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/24-25 തീയതി 25.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക 1,66,763/- രൂപ ഓഡിറ്റില് തടസ്സപ്പെടുത്തുന്നു. രേഖകള് പരിശോധനയ്ക്ക് ഹാജരാക്കാത്ത പക്ഷം ഇത്തരത്തിലുള്ള ചെലവുകള് നടന്നിട്ടില്ല എന്ന് കണക്കാക്കുന്നതും ചെലവഴിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങള്

[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോര്ട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങള്

[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോര്ട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിററ് പ്രത്യവലോകനവും

4-1 മെഡിസെപ് ഒടുക്ക് സംബന്ധിച്ച വിവരങ്ങള്

2024-25 വര്ഷം ഗ്രാമപഞ്ചായത്തിലെ റഗുലര് ജീവനക്കാരില് നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങള് താഴെ കൊടുക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലര് ജീവനക്കാര്

ഓഡിററ് വര്ഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തില് ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തില് ഒടുക്കിയ തുക	ഒടുക്കാന് ബാക്കി നില്ക്കുന്ന തുക	റിമാര്ക്സ്
17	1,02,000	1,02,000	ഇല്ല	

* 01.04.2024 മുതല് 31.03.2025 നുള്ളില് സര്വീസില് പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.04.2024 മുതല് 30.06.2024 നുള്ളില് സര്വീസില് പ്രവേശിച്ചിട്ടുള്ള റഗുലര് ജീവനക്കാര്**)**

ജീവനക്കാരുടെ എണ്ണം	സര്വീസില് പ്രവേശിച്ച മാസം	മെഡി സെപ് പ്രീമിയം ഇനത്തില് ഈടാക്കിയ തുക (07/2023 മുതല് അല്ലെങ്കില് 07/2024 മുതലുള്ള കുടിശ്ശിക ഉള്പ്പടെ)**	മെഡി സെപ് പ്രീമിയം ഇനത്തില് ഒടുക്കിയ തുക	ഒടുക്കാന് ബാക്കി നില് ക്കുന്ന തുക	റിമാര്ക്സ്
ഇല്ല.					

3) മെഡിസെപ് പ്രീമിയം ഒടുക്ക് – (01.07.2024 ല് സര്വീസില് പ്രവേശിച്ചിട്ടുള്ള റഗുലര് ജീവനക്കാര്)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തില് ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കില് ആയത് ഉള്പ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തില് ഒടുക്കിയ തുക	ഒടുക്കാന് ബാക്കി നില്ക്കുന്ന തുക	റിമാര്ക്സ്
ഇല്ല.				

4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതല് 31.03.2025 നുള്ളില് സര്വീസില് പ്രവേശിച്ചിട്ടുള്ള റഗുലര് ജീവനക്കാര്)

ജീവനക്കാരുടെ എണ്ണം	സര്വീസില് പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തില് ഈടാക്കിയ തുക (07/2022 മുതല് അല്ലെങ്കില് 07/2024 മുതലുള്ള	മെഡിസെപ് പ്രീമിയം ഇനത്തില് ഒടുക്കിയ തുക	ഒടുക്കാന് ബാക്കി നില്ക്കുന്ന തുക	റിമാര്ക്സ്

		കുടിശ്ശിക ഉള്പ്പടെ)			
ഇല്ല.					

4-2 വാര്ഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

സാമ്പത്തിക വര്ഷം	സര്ട്ടിഫിക്കേഷന് കണക്കുകള് പരിശോധിച്ച തീയതി	സര്ട്ടിഫിക്കററ് നമ്പര്/തീയതി
2024-25	17.9.2025 & 23.9.2025	ഈ റിപ്പോര്ട്ടിനോടൊപ്പം പുറപ്പെടുവിച്ചു

4-3 സംയുക്ത പ്രൊജക്റ്റുകള്ക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	2,50,000	198/24-25 സൗരോർജ്ജ വേലി	2,50,000	0
		44,600	199/24-25 ഫാം ടൂറിസം	44,600	0
		2,10,000	341/24-25 ലൈഫ് ഭവന നിർമ്മാണം എസ്.ടി	2,10,000	0
		1,80,000	29/24-25 ലൈഫ് ഭവന നിർമ്മാണം ജനറൽ	1,80,000	0
		4,53,900	109/24-25 ഭിന്നശേഷി സ്കോളർഷിപ്പ്	4,53,900	0
		13,00,000	140/24-25 പാലിന് സബ്സിഡി	13,00,000	0
		7,27,721	218/24-25 പാലിന് സബ്സിഡി	7,27,721	0
ആകെ		31,66,221		31,66,221	
ജില്ലാ പഞ്ചായത്ത്	2024-25	90,000	199/24-25 ഫാം ടൂറിസം	90,000	0
		9,90,000	29/24-25 ലൈഫ് ഭവന	9,90,000	0

		നിർമ്മാണം ജനറൽ		
	1,50,000	109/24-25 ഭിന്നശേഷി സ്കോളർഷിപ്പ്	1,50,000	0
	15,00,000	280/24-25 മില്മുക്ക് ലക്ഷം വീട് അങ്കണവാടി നിർമ്മാണം	15,00,000	0
	2,57,885	141/24-25 കറവപ്പശുക്കൾക്ക് കാലിത്തീറ്റ	2,57,885	0
	9,39,435	140/24-25 പാലിന് സബ്സിഡി	9,39,435	0
ആകെ	**39,27,320**		**39,27,320**	

4-4 ഡെപ്പോസിറ്റ് വര്ക്കുകള്ക്ക് നല്കിയ തുകയുടെ വിവരം

- ഇല്ല-

4-5 മൊബിലൈസേഷന് അഡ്വാന്സ്

ഓഡിറ്റ് വര്ഷം മൊബിലൈസേഷന് അഡ്വാന്സായി തുകയൊന്നും നല്കിയിട്ടില്ല.

4-6 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വര്ഷം വായ്പ തിരിച്ചടച്ചതിന്റെയും വര്ഷാവസാനം തിരിച്ചടയ്ക്കാന് അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വായ്പ നല്കിയ എജന്സി	സാമ്പത്തിക വർഷം	തന് വര്ഷം എടുത്ത വായ്പ	വര്ഷാരംഭത്തില് തിരിച്ചടയ്ക്കാന് ബാക്കിയുണ്ടായിരുന്ന തുക	തന്വര്ഷം തിരിച്ചടച്ച തുക		വര്ഷാ വസാനം തിരിച്ചടയ്ക്കാന് ബാക്കിയുള്ള തുക
					മുതല്	പലിശ	
ലൈഫ് ഭവന പദ്ധതി	GO(MS)68/2018 Dtd 18/05/2018 LSGD 34/2018 Dtd 16/3/2018	2024-25	50,20,000	68,02,735	1398647	0	10424088

4-7 സ്ഥിര നിക്ഷേപം

– ഇല്ല -

4-8 ഓഡിറ്റ് റിക്കവറി

ഈ ഇനത്തില് തന്വര്ഷം 7,500/-രൂപ വരവുണ്ട്.

റിപ്പോര്ട്ട് വര്ഷം	ഭാഗം / ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്	രസീതു നമ്പര് തീയതി
2023-24	1-11	2500	ഓസോണ് ബയോ ഫാബ്രിക്സ്, തരിമറ്റം	1240805748/15-1-2025
2023-24	1-11	2500	താജ് ഓയില്	1240805916/3-2-2025

			മില്, പുന്നക്കല്	
2023-24	1-11	2500	തിരുവമ്പാടി ഫ്യുവല് സര്വ്വീസ്	1240805923/3-2-2025
ആകെ തുക		7500		

4-9 സമാഹൃത ഓഡിററ് റിപ്പോര്ട്ട്

പഞ്ചായത്തിലെ മുന്വര്ഷ ഓഡിററ് റിപ്പോര്ട്ടുകളില് കേരള ലോക്കല് ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോര്ട്ടില് ഉള്പ്പെട്ട ഖണ്ഡികകളില് തീര്പ്പാക്കാന് അവശേഷിക്കുന്നവയുടെ വിശദാംശങ്ങള് താഴെ കൊടുക്കുന്നു.

ഓഡിററ് വര്ഷം	ഖണ്ഡിക	സമാഹൃത റിപ്പോര്ട്ട് വര്ഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	29	2003-04	11.13.7.19	നികുതി പിരിവില് അലംഭാവം	തുടരുന്നു.
2001-02	3-1	2005-06	2.70.1.9.11	തൊഴില് രഹിത വേതനം– അപേക്ഷകള് തീര്പ്പാക്കിയില്ല	ഒഴിവാക്കാന് ശുപാര്ശ.
		2014-15 പ്ര.ക്ഷ.റി	5.7.2	ക്ഷീരവികസന മേഖല – ചെലവ് തൃപ്തികരമല്ല	നിലനില്ക്കുന്നു.
		2014-15 പ്ര.ക്ഷ.റി	5.7.3	പദ്ധതി നടത്തിപ്പില് പിന്നിൽ	നിലനില്ക്കുന്നു.
		2014-15 പ്ര.ക്ഷ.റി	5.7.6	മൃഗസംരക്ഷണം - കര്മ്മസമിതി രൂപീകരിച്ചില്ല	നിലനില്ക്കുന്നു.
		2014-15 പ്ര.ക്ഷ.റി	5.7.8	തൊഴുത്തു നിര്മ്മാണം – തുക ചെലവഴിച്ചില്ല	നിലനില്ക്കുന്നു.
		2014-15 പ്ര.ക്ഷ.റി	5.7.12	സംസ്ഥാന വിഹിതം ലഭ്യമാകുന്നതില് കാലതാമസം	നിലനില്ക്കുന്നു.
		2015-16 പ്ര.ക്ഷ.റി	4.2.2	ഗുണഭോക്തൃ തെരഞ്ഞെടുപ്പ്	നിലനില്ക്കുന്നു.
2014-15	2-2	2016-17	അനുബന്ധം–4	തൊഴില്നികുതി – അപാകതകള്	നിലനില്ക്കുന്നു.
2015-16	3-17	2016-17	4.2.1	പുറമ്പോക്കുകള്	നിലനില്ക്കുന്നു.
2015-16	2-4	2016-17	അനുബന്ധം-5	തൊഴില്നികുതി – അപാകതകള്	നിലനില്ക്കുന്നു.
2016-17	2-2	2017-18	1.11.5	വസ്തുനികുതി യില് നഷ്ടം	നിലനില്ക്കുന്നു.

4-10 ചാര്ജ്/സര്ചാര്ജ് നടപടികളുടെ വിവരം

– ഇല്ല –

4-11 ഓഡിററ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിററ് വര്ഷത്തെ ആകെ വരവ്	7,81,61,778
ഓഡിററ് വര്ഷത്തെ ആകെ ചെലവ്	6,84,35,475

വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റില് അംഗീകരിക്കാത്ത തുക	0
ഓഡിറ്റില് തടസ്സപ്പെടുത്തിയ തുക	29,89,367

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>ഓഡിറ്റില് തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പര്	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	4,78,366	ശ്രീമതി.ഹൃദ്യ പി, അസി.എഞ്ചിനീയര്
1-14	8,65,633	ഡോ. പ്രിയ കെ.വി , മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)
1-17	1,76,605	ശ്രീ. ബിബിന് ജോസഫ്, സെക്രട്ടറി
1-20	13,02,000	ശ്രീ. ബിബിന് ജോസഫ്, സെക്രട്ടറി
1-25	1,66,763	ശ്രീ. ബിബിന് ജോസഫ്, സെക്രട്ടറി
ആകെ	29,89,367	

(സി) <u>കേന്ദ്ര-സംസ്ഥാന സര്ക്കാരുകള്, മറ്റു സ്ഥാപനങ്ങള് എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താന് കൂടുതല് അന്വേഷണം ആവശ്യമായവ</u>

– ഇല്ല –

(ഇ)<u>റിപ്പോര്ട്ടില് പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേല്വിലാസവും</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേല്വിലാസം	സ്ഥിരം മേല്വിലാസം
ശ്രീ. ബിബിന് ജോസഫ്, സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്	സെക്രട്ടറി, മുക്കം നഗരസഭ	ഇടയപ്പുരക്കൽ വീട്, തിരുവമ്പാടി പി. ഒ, കോഴിക്കോട് - 673603
ഡോ. പ്രിയ കെ.വി, മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി)	മെഡിക്കല് ഓഫീസര് (എഫ്.എച്ച്.സി), തിരുവമ്പാടി ഗ്രാമപഞ്ചായത്ത്	പൊററക്കാട്ട് വളപ്പില് വീട്, ആവണ്ണൂര്, തൃശ്ശൂര്-680541
ശ്രീമതി.ഹൃദ്യ പി, അസി.എഞ്ചിനീയര്	അസി.എഞ്ചിനീയര്, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്	വില്ലിക്കല് കോട്ട വീട്, മായനാട്.പി.ഒ, മെഡിക്കല് കോളേജ്, കോഴിക്കോട്

4-12 തീര്‍പ്പാക്കാന് അവശേഷിക്കുന്ന ഓഡിററ് റിപ്പോര്‍ട്ടുകള്

ഓഡിററ് വര്‍ഷം	ഈ വകുപ്പില് നിന്നും പുറപ്പെടുവിച്ച ഏററവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീര്‍പ്പാക്കാന് അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നം.
1988-89 1989-90	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(1)/12.4.23	1	17
1990-91 1991-92	കെ.എസ്.എ.കെ.കെ.ഡി. പ12/ 231/2022(2)/12.4.23	1	15
2000-01	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(4)/12.4.23	1	13(b)
2001-02	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(5)/12.4.23	1	30
2009-10	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(13)/12.4.23	2	3-1,3-3
2010-11	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(14)/12.4.23	1	3-1
2012-13 2013-14	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(16)/12.4.23	6	2-2, 3-5, 3-12, 3-15, 3-20,3-30
2014-15	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(17)/ 12.4.23	3	2-2, 3-1,3-7
2015-16	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(18)/12.4.23	4	2-2, 2-4,3-12,3-17,
2016-17	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(19)/12.4.23	7	2-2, 2-4(1), 2-5(1), 3-11, 3-15, 3-21, 3-26
2017-18	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(20)/12.4.23	12	2-5,2-6,2-6(i),2-7, 3-8,3-9, 3-10, 3-12, 3-14,3-16, 3-17, 3-20
2018-19	കെ.എസ്.എ.കെ.കെ.ഡി. പ12/231/2022(21)/ 12.4.23	13	1-6(4), 1-6(10), 1-15, 1-20, 1-21, 1-26(1), 1-27, 1-28, 1-29(2,3,4), 1-30, 1-31, 3-6, 4-11
2019-20	കെ.എസ്.എ കെ.കെ.ഡി. പ12/577/ 2022/29-05-2023	20	1-2-1 (1, 2, 3, 4, 5) 1-4-1, 1-7, 1-8, 1-9, 1-10 (1, 2, 3), 1-11, 1-12, 1-15, 1-17(1,2), 1-18(1,2,3), 1-19, 1-21, 1-22, 1-23, 1-24, 3-1(1,2), 4-2, 4-3, 4-11
2020-21	കെ.എസ്.എ കെ.കെ.ഡി. പ12/83/ 2022/24-07-2023	22	1-1, 1-2-1, 1-3, 1-4, 1-9, 1-10, 1-11, 1-13, 1-14, 1-15, 1-17, 1-19, 1-21, 1-25, 1-26 (3,4), 1-27, 1-28, 3-1, 3-2, 3-3, 4-2, 4-11
2021-22	കെ.എസ്.എ കെ.കെ.ഡി. പ12/718/2023/19.07.2023	25	1-1 , 1-2, 1-5, 1-10, മുതല് 1-13 വരെ, 1-16, 1-18, 1-19, (3, 4, 5, 6), 1-21, 1-22 (1,2) 1-23, 1-24, 1-25, 1-26, 4-8, 4-11

2022-23	കെ.എസ്.എ കെ.കെ.ഡി. പ12/402/2024/07.05.24	29	ഖ.1-1 , 1-1-1 മുതല് 1-1-4 വരെ, 1-1-8, 1-1-10, 1-1-12, 1-8,1-10 മുതൽ 1-14 വരെ, 1-16, 1-17, 1-18, 1-21, 1-22, 1-23, 1-24, 1-26, 1-28, 1-29, 1-30, 1-31, 3-1, 3-2, 4-11
2023-24	കെ.എസ്.എ കെ.കെ.ഡി. പ12/490/2025/21.04.25	16	1-1-4, 1-1-5, 1-1-8, 1-10, 1-11, 1-13, 1-14, 1-15, 1-16, 1-19, 1-22, 1-23, 1-24, 4-8, 4-10, 4-11

ഡെപ്യൂട്ടി ഡയറക്ടര്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 16-06-2025 and submitted on 16-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thiruvambady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thiruvambady Grama Panchayat as on 31-03-2025

Date: 05/11/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thiruvambady Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1.The following mandatory financial statements prescribed in accounting rules are not
submitted for audit. eg-Ratios, Notes to Accounts.
2.Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.
3.the amount directly debited by bank not booked as expenditure timely.
4.Reconciliation statement not prepared.
5.Expenses from CFC fund not correctly accounted.
6.Expense from development fund(general) differs from ACR.
7.Lapses in making timely demand entries in respect of Property Tax
8.permit fees demand-mismatch between register and AFS.
9.E-tender fee demand not accounted.
10.The expenditure in maintenance projects using maitanance fund not produced in Income & Expenditure statement I-14(E) Maintenance Projects head.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വര്ഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തില് അനുബന്ധം-1ല് പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങള് ഈ റിപ്പോര്ട്ടില് ഉള്പ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടര്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്